പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 1 25/02/2008 -ൽ മറുപടിക്ക്

## ഗോസുരക്ഷാ ഇൻഷ്വറൻസ് പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. സി. രാജഗോപാലൻ<br>ശ്രീ. ബി. രാഘവൻ<br>ശ്രീമതി കെ. കെ. ലതിക<br>ശ്രീ. ജോർജ്ജ് എം. തോമസ്<br>ശ്രീമതി. കെ. എസ്. സലീഖ | ശ്രീ. സി. ദിവാകരൻ, (ബഹു. ഭക്ഷ്യവും സിവിൽ സപ്ളൈസ്സും മൃഗസംരക്ഷണവും വകുപ്പു മന്ത്രി) |
| (എ) ഗോ സുരക്ഷാ ഇൻഷ്വറൻസ് പദ്ധതിയുടെ ഒന്നാം ഘട്ടം എല്ലാ ജില്ലകളിലും നടപ്പാക്കിയിട്ടുണ്ടോ; | (എ) ഇല്ല. പാലക്കാട്, ആലപ്പുഴ എന്നീ ജില്ലകളിൽ മാത്രമാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. |
| (ബി) എത്ര മൃഗങ്ങളെയാണ് ഇതിനകം ഇൻഷ്വർ ചെയ്തിട്ടുള്ളത്; | (ബി) പാലക്കാട്, ആലപ്പുഴ എന്നീ ജില്ലകളിലായി 85, 932 കന്നുകാലികളെ ഇതിനകം ഇൻഷ്വർ ചെയ്തിട്ടുണ്ട്. |
| (സി) പദ്ധതിയുടെ രണ്ടാം ഘട്ടം എല്ലാ ജില്ലകളിലുമാണോ ആരംഭിച്ചിട്ടുള്ളത്; | (സി) രണ്ടാം ഘട്ടവും പാലക്കാട്, ആലപ്പുഴ ജില്ലകളിൽ തന്നെയാണ് ആരംഭിച്ചിട്ടുള്ളത്. |
| (ഡി) പദ്ധതി മുഖേന കർഷകർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണ്; | (ഡി) ഇൻഷ്വർ ചെയ്യുന്ന മൃഗങ്ങൾക്ക് വേണ്ടി പ്രീമിയം തുകയുടെ 50% സർക്കാർ സബ്സിഡി കർഷകർക്ക് നല്കുന്നുണ്ട്. ഒരു വർഷത്തെ ഇൻഷ്വറൻസിന് 1.75 % ഉം |

മൂന്നുവർഷക്കാലം ഉൾപ്പെടെ [illegible]
4.47% ഉം ആണ് റിസ്ക് കവറേജ് [illegible]
ചെറിയ തുക പ്രീമിയം അടച്ച് [illegible]
ചെയ്താൽ മരണപ്പെടുന്ന
കന്നുകാലികൾക്ക് അവയുടെ മുഴുവൻ
വിലയും. അംഗവൈകല്യം മൂലം
ഉല്പാദനം നഷ്ടപ്പെടുന്ന കാലികളുടെ
ഉടമസ്ഥർക്ക് ഇൻഷ്വർ ചെയ്ത തുകയുടെ
75% വരെയും ലഭിക്കുന്നതുമാണ്.
ഹെൽത്ത് സർട്ടിഫിക്കറ്റ്, വാല്യുവേഷൻ
സർട്ടിഫിക്കറ്റ് എന്നിവയ്ക്കുള്ള ഫീസ്
കർഷകർ നല്കേണ്ടതില്ല. ഇത് വകുപ്പ്
നേരിട്ട് നൽകും.

(ഇ) [illegible] എല്ലാ ജില്ലകളിലും ഇൻഷ്വറൻസ് പദ്ധതി ബാധകമാക്കാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ?

(ഇ) ആവശ്യപ്പെട്ടിട്ടുണ്ട്

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 2. 25/2/2008 ൽ മറുപടിക്ക്

**ജില്ലാ കേന്ദ്രങ്ങളിൽ സാറ്റലൈറ്റ് ഐ.ടി പാർക്കുകൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.മാങ്കോട് രാധാകൃഷ്ണൻ<br>ശ്രീ.എൻ.അനിരുദ്ധൻ<br>ശ്രീ.അജിത്<br>ശ്രീമതി.ഇ.എസ്.ബിജിമോൾ | ശ്രീ.വി.എസ്.അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് ജില്ലാ കേന്ദ്രങ്ങളിൽ സാറ്റലൈറ്റ് ഐ.ടി പാർക്കുകൾ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിനുള്ള നടപടികൾ ഏതുവരെയായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) ടെക്നോപാർക്കും, ഇൻഫോപാർക്കും നിലവിലുള്ള തിരുവനന്തപുരവും എറണാകുളവും ഒഴികെ ബാക്കി ജില്ലകളിൽ ഐ.ടി പാർക്കുകൾ ആരംഭിക്കാൻ ഉദ്ദേശ്യമുണ്ട്. ഇതുസംബന്ധിച്ച് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് പ്രൈസ്‌വാട്ടർ ഹൗസ്കൂപ്പേഴ്സ് എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതി നടപ്പിലാക്കുന്നതിന് കേരളാ സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി ഇൻഫ്രാസ്ട്രക്ചർ (കെ.എസ്.ഐ.ടി.ഐ.എൽ) എന്ന പേരിൽ ഒരു കമ്പനിയ്ക്ക് രൂപം നൽകിയിട്ടുണ്ട്. വിവിധ ജില്ലകളിൽ പാർക്കുകൾ തുടങ്ങുന്നതിന് അനുയോജ്യമായ സ്ഥലങ്ങൾ സംബന്ധിച്ച് നിരവധി നിർദ്ദേശങ്ങൾ ജില്ലാ ഭരണകൂടങ്ങളിൽ നിന്നും ജനപ്രതിനിധികളിൽ നിന്നും ലഭിച്ചിട്ടുണ്ട്. അവ പരിശോധിച്ചുവരികയാണ് ഇതിലേക്കുവേണ്ടി ഈ വർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന 10 കോടി രൂപ. Additional Central Assistance ആയതുകൊണ്ട് ഇത് അനുവദിച്ചുതരാൻ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

(ബി) ഐ.ടി.മേഖലയിൽ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിന് സാദ്ധ്യതയുണ്ടോ; എങ്കിൽ അടുത്ത മൂന്ന് വർഷത്തിനുള്ളിൽ എത്ര തൊഴിലവസരങ്ങൾ ഈ മേഖലയിൽ കണ്ടെത്താൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(ബി) സാദ്ധ്യതയുണ്ട്.
ഐ.ടി മേഖലയിൽ അടുത്ത [illegible]ളിൽ ഒരു ലക്ഷത്തിലധികം [illegible] ലഭ്യമാകുമെന്നാണ് കരുതപ്പെടുന്നത്.

(സി) തലസ്ഥാനത്ത് ടെക്നോസിറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഏതുവരെയായി എന്ന് വെളിപ്പെടുത്തുമോ?

(സി) ടെക്നോസിറ്റി [illegible] ഏറ്റെടുക്കാൻ തീരുമാനിച്ചത് [illegible] ഏക്കർ ഭൂമിയിൽ 204 ഏക്കർ [illegible] അന്തിമഘട്ടത്തിലാണ്. ബാക്കി [illegible] സ്ഥലവും കൂടി ഏറ്റെടുക്കാനുള്ള [illegible] പുരോഗമിച്ചുവരുന്നു. ടെക്നോ[illegible] യും കെ.എസ്.ഐ.ടി.ഐ.എൽ. [illegible] കമ്പനി വഴി നടപ്പിലാക്കാൻ [illegible] ആരംഭിച്ചിട്ടുണ്ട്.

(ഒപ്പ്)
സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 3 | 25.2.2008 ൽ മറുപടിയ്ക്ക്

## നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. ജയരാജൻ ;<br>ശ്രീ. സി.കെ. സദാശിവൻ ;<br>ശ്രീ. എ.സി. മൊയ്തീൻ ;<br>ശ്രീ. രാജു എബ്രഹാം ; | ശ്രീ. സി. ദിവാകരൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പു മന്ത്രി) |
| എ) നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ് ; | എ) ഒരു ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ ഭക്ഷ്യ വസ്തുക്കൾ അന്യ സംസ്ഥാനങ്ങളിൽ നിന്നും വരുന്നത് സുഗമമാക്കുവാനും വിലക്കയറ്റം തടയുന്നതിനും സാധ്യമായ എല്ലാ നടപടികളും സർക്കാർ സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷൻ സംസ്ഥാനത്തുടനീളം 2400 ഔട്ട്ലെറ്റുകൾ വഴി 13 അവശ്യ സാധനങ്ങൾ കഴിഞ്ഞ 18 മാസമായി വിലവർദ്ധനവില്ലാതെ വിതരണം ചെയ്തുവരുന്നു. കേന്ദ്ര ഗവൺമെന്റ് അനുവദിച്ചു നൽകുന്ന റേഷൻ സാധനങ്ങൾ പൊതുവിതരണ കേന്ദ്രങ്ങൾ വഴി ഗുണനിലവാരം ഉറപ്പാക്കിയും അളവിലും തൂക്കത്തിലും കൃത്യത പാലിച്ചും കാര്യക്ഷമമായി വിതരണം ചെയ്തിട്ടുണ്ട്. മൂന്നു രൂപ നിരക്കിൽ 20 ലക്ഷം ദരിദ്ര കുടുംബങ്ങൾക്ക് അരി നൽകിവരുന്നു. കൂടാതെ സംസ്ഥാന സർക്കാരിന്റെ ശ്രമഫലമായി 2007 ആഗസ്റ്റ്, ഡിസംബർ, 2008 ഫെബ്രുവരി, മാർച്ച് മാസങ്ങളിലേയ്ക്ക് 51,000 മെട്രിക് ടൺ അരിയും 2007 ഏപ്രിൽ മുതൽ 2008 മാർച്ച് വരെ 77778 മെട്രിക് ടൺ ഗോതമ്പും അധികമായി കേന്ദ്ര സർക്കാരിൽ നിന്നും നേടിയെടുക്കാൻ കഴിഞ്ഞു. ആയത് പൊതുവിതരണ കേന്ദ്രങ്ങൾ വഴി വിതരണം ചെയ്ത് വിലക്കയറ്റം ഒരു പരിധിവരെ നിയന്ത്രിക്കാൻ കഴിഞ്ഞിട്ടുണ്ട്. കൂടാതെ കർഷകരിൽ നിന്ന് സംഭരിക്കുന്ന നെല്ല് കുത്തി അരിയാക്കി റേഷൻ കടകൾ വഴി വിതരണം ചെയ്യുന്നു. പൊതുവിപണിയിലുണ്ടായ വിലവർദ്ധന നിയന്ത്രിക്കാൻ സിവിൽ സപ്ലൈസ് |

കോർപ്പറേഷൻ വിൽപനശാലകൾ വഴിയും എ.ആർ.ഡി. ശബരി സ്റ്റോറുകൾ വഴിയും നിത്യോപയോഗ സാധനങ്ങൾ പൊതുവിപണിയേക്കാൾ കുറഞ്ഞ നിരക്കിൽ (7% - 30% വരെ) സാധാരണ ജനങ്ങൾക്ക് വിതരണം നടത്തിയിട്ടുണ്ട്. സിവിൽ സപ്ലൈസ് കോർപ്പറേഷൻ നൽകുന്ന കുറഞ്ഞ വിലയുടെ ആനുകൂല്യം കൂടുതൽ ജനങ്ങളിൽ എത്തിക്കുക എന്ന ലക്ഷ്യത്തോടെ 64 പുതിയ വിൽപന ശാലകൾ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആരംഭിച്ചിട്ടുണ്ട്. നിലവിലുള്ള സൂപ്പർ മാർക്കറ്റുകൾ ഞായറാഴ്ചകളിലും തുറന്നു പ്രവർത്തിപ്പിക്കാനുള്ള നടപടി എടുത്തിട്ടുണ്ട്. ഇവ കൂടാതെ ആദിവാസി/തീരദേശ നിവാസികളുടെ ഉന്നമനത്തിനായി സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകളും പ്രവർത്തനം നടത്തുന്നുണ്ട്. ഉത്സവ കാലങ്ങളിൽ ഉണ്ടാകാവുന്ന വിലവർദ്ധന, കരിഞ്ചന്ത, പൂഴ്ത്തിവെയ്പ് എന്നിവ തടയും എന്ന ഉദ്ദേശത്തോടെ സിവിൽ സപ്ലൈസ് കോർപ്പറേഷൻ നടത്തുന്ന മാർക്കറ്റ് ഇടപെടൽ മൂലം ~~ഭക്ഷ്യവസ്തുക്കൾ, പച്ചക്കറി ഉൾപ്പെടെയുള്ള~~ അവശ്യ സാധനങ്ങളുടെ പൊതു വിപണിയിലെ വിലനിലവാരം വർദ്ധിക്കുന്നത് തടയാൻ കഴിഞ്ഞിട്ടുണ്ട്. ഇതിനുപുറമെയായി വിലവർദ്ധനവുണ്ടാകുന്ന സമയങ്ങളിൽ സിവിൽ സപ്ലൈസ് കോർപ്പറേഷൻ സ്പെഷ്യൽ ഫെയറുകളും സംഘടിപ്പിച്ചിട്ടുണ്ട്. പച്ചക്കറി, മത്സ്യ മാംസാദികൾ മറ്റു ഉപഭോക്തൃ താല്പര്യ ഉല്പന്നങ്ങൾ തുടങ്ങിയവ ഒരു കുടക്കീഴിൽ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ പീപ്പിൾസ് ബസാറുകളും ആരംഭിച്ചിട്ടുണ്ട്. അരിവില വർദ്ധിച്ച സമയത്ത് പ്രത്യേക അരിക്കടകൾ വഴിയും, മൊബൈൽ അരിക്കടകൾ വഴിയും സപ്ലൈകോ വില്പന ശാലകൾ വഴിയും 14 രൂപയ്ക്ക് പുഴുക്കലരിയും 13.50 രൂപയ്ക്ക് പച്ചരിയും വിതരണം നടത്തിയിട്ടുണ്ട്. ആദിവാസി, തീരദേശ മേഖലകളിൽ നിവസിക്കുന്നവരുടെ ആവശ്യങ്ങൾ കണക്കിലെടുത്ത് മൊബൈൽ അരിക്കടകളും പ്രവർത്തിച്ചിട്ടുണ്ട്. മേൽ വിലയ്ക്ക് നൽകിവരുന്ന അരി വിതരണം ഇപ്പോഴും തുടരുന്നുണ്ട്. കൃത്രിമമായി വിലക്കയറ്റം സൃഷ്ടിക്കുന്നതിൽ പ്രധാന പങ്ക് വഹിക്കുന്ന

കരിഞ്ചന്തയും, പൂഴ്ത്തിവയ്പ്പും തടയുന്നതിന് എല്ലാ ജില്ലകളിലും റെയ്ഡുകളും, കൺസ്യൂമർ അദാലത്തുകളും ട്രേഡ് മോണിറ്ററിംഗ് സെല്ലുകളും ഭക്ഷ്യോപദേശക വിജിലൻസ് സമിതികളും കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നു. ഇപ്രകാരമുള്ള പ്രവർത്തനങ്ങളുടെ ഫലമായി വിലക്കയറ്റം ഒരു പരിധിവരെ പിടിച്ചു നിർത്താൻ സാധിച്ചിട്ടുണ്ട്.

ബി) പൂഴ്ത്തിവയ്പ്പും കരിഞ്ചന്തയും തടയുന്നതിന് നിലവിലുള്ള നിയമം പര്യാപ്തമാണോ ; ഇല്ലെങ്കിൽ അതിനായി നിയമനിർമ്മാണം നടത്തുമോ ;

ബി) അവശ്യസാധന നിയന്ത്രണ നിയമം അനുസരിച്ചാണ് പൂഴ്ത്തിവെയ്പ്പും കരിഞ്ചന്തയും തടയുന്നതിന് നടപടികൾ സ്വീകരിക്കുന്നത്. 2002 ലെ കേന്ദ്ര സർക്കാരിന്റെ ഉത്തരവനുസരിച്ച് ഏതൊരു വ്യക്തിയ്ക്കും അവശ്യസാധനങ്ങൾ യഥേഷ്ടം വാങ്ങുകയും, സംഭരിക്കുകയും, വില്ക്കുകയും ചെയ്യാൻ അവകാശമുണ്ട്. ആയതിനാൽ ആവശ്യത്തിലധികം സ്റ്റോക്ക് ചെയ്യുകയോ, പൂഴ്ത്തിവെയ്ക്കുകയോ ചെയ്യുന്നവരെ കണ്ടെത്തി നടപടി സ്വീകരിക്കുവാൻ ബുദ്ധിമുട്ടാണ്. അതിനായി കേന്ദ്ര സർക്കാർ നിയമനിർമ്മാണം നടത്തുവാൻ നടപടി സ്വീകരിച്ചുവരുന്നു.

സി) സ്വകാര്യ കുത്തക കമ്പനികൾ അവശ്യസാധനങ്ങൾ വൻതോതിൽ വാങ്ങിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് തടയുന്നതിന് നടപടി സ്വീകരിക്കുമോ ;

സി) സ്വകാര്യ കുത്തകകമ്പനികൾ അവശ്യസാധനങ്ങൾ വൻതോതിൽ വാങ്ങിക്കൂട്ടുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് തടയുന്നതിനുള്ള നിയമനിർമ്മാണത്തിന് കേന്ദ്ര സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ്. സംസ്ഥാന സർക്കാർ അതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

ഡി) എഫ്.സി.ഐ. ഗോഡൗണുകൾ സ്വകാര്യ കുത്തകകൾക്ക് വാടകയ്ക്കു നല്കിയെന്ന റിപ്പോർട്ടുകളുടെ നിജസ്ഥിതി വ്യക്തമാക്കുമോ ?

ഡി) എഫ്.സി.ഐ. ഗോഡൗണുകൾ സ്വകാര്യ വ്യക്തികൾക്ക് വാടകയ്ക്ക് നല്കിയെന്ന റിപ്പോർട്ടുകൾ ശരിയല്ല. എന്നാൽ കേരളത്തിലെ കർഷകർക്ക് വേണ്ടി കാർഷികോൽപന്നങ്ങൾ സംഭരിക്കാൻ എഫ്.സി.ഐ. ഗോഡൗണുകൾ വാടകയ്ക്ക് നല്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

**പന്ത്രണ്ടാം കേരള നിയമസഭ**

**എട്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 4 25/02/2008-ൽ മറുപടിക്ക്

**വിഴിഞ്ഞം തുറമുഖ നിർമ്മാണം**

ചോദ്യം

ശ്രീ. ജോർജ് മേഴ്സിയർ

മറുപടി

ശ്രീ. എം. വിജയകുമാർ

(നിയമവും പാർലമെന്ററികാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പു മന്ത്രി)

| | | |
|---|---|---|
| എ) | വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിന് എത്ര കമ്പനികൾ ടെൻഡർ സമർപ്പിച്ചിട്ടുണ്ട്; | എ) 17 കമ്പനികൾ അടങ്ങിയ 5 കൺസോർഷ്യങ്ങളാണ് ടെണ്ടറുകൾ സമർപ്പിച്ചിട്ടുള്ളത്. |
| ബി | പ്രസ്തുത കമ്പനികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ; കൺസോർഷ്യത്തിൽ ഉൾപ്പെട്ട കമ്പനികൾ ഏത് രാജ്യങ്ങളിൽ നിന്നാണ്; | ബി) പ്രസ്തുത കമ്പനികളുടെ വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. ഇന്ത്യക്ക് അകത്തുനിന്നുള്ള വിവിധ കമ്പനികൾ കൂടാതെ യുണൈറ്റഡ് കിംഗ്ഡം, ഗ്രീസ്, കുവൈറ്റ്, സിംഗപ്പൂർ, മലേഷ്യ എന്നീ രാജ്യങ്ങളിൽ നിന്നുള്ള കമ്പനികളും കൺസോർഷ്യത്തിൽ ഉൾപ്പെട്ടിട്ടുണ്ട് |
| സി | തുറമുഖ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; | സി) <u>തുറമുഖനിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുവാൻ താഴെ പറയുന്ന നടപടികൾ സ്വീകരിച്ചു</u><br><br>1.)15-12-2006-ൽ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ സർവ്വകക്ഷിയോഗം വിഴിഞ്ഞം തുറമുഖപദ്ധതി പുനർലോഞ്ച് ചെയ്യാൻ തീരുമാനിച്ചു.<br><br>2.)09-03-2007-ലെ സർക്കാർ ഉത്തരവ് (എം എസ്) 9/07/തുവ പ്രകാരം വിഴിഞ്ഞം തുറമുഖപദ്ധതി പുനർലോഞ്ച് ചെയ്യാനും വിഴിഞ്ഞം സീപോർട്ട് ഇന്റർനാഷണൽ ലിമിറ്റഡിനെ വിഴിഞ്ഞം തുറമുഖപദ്ധതിയുടെ നോഡൽ ഏജൻസിയായി നിശ്ചയിക്കുകയും ആഗോളതലത്തിൽ വാണിജ്യപ്രചാരണം നടത്തുവാനും ഉത്തരവായി. |

3 ) ആഗോളദർഘാസ് ക്ഷണിക്കുന്നതിന്റെ മുന്നോടിയായി തുറമുഖമേഖലയുമായി ബന്ധപ്പെട്ടവരുടെ അഭിപ്രായങ്ങൾ ആരായുന്നതിനായി 17-04-2007-ൽ ആഗോളസംരംഭക സംഗമം നടത്തി.

4 ) 17-04-2007-ലെ സർക്കാർ ഉത്തരവ് (ആർ.ടി.) 248/07/തുവ പ്രകാരം തുറമുഖപ്രദേശത്തെ നാഷണൽ ഹൈവേയും റെയിൽപാതയുമായി ബന്ധിപ്പിക്കുന്നതിനുള്ള സാദ്ധ്യതാപഠനം നടത്തുന്നതിനായി കേന്ദ്രസർക്കാർ സ്ഥാപനമായ റൈറ്റ്സിനെ ചുമതലപ്പെടുത്തി അവരുമായി 21.06.2007-ൽ കരാർ ഒപ്പുവെച്ചു.

5.) തുറമുഖപ്രദേശത്ത് ശുദ്ധജലവിതരണം നടത്തുന്നതിനായി വെള്ളായണികായൽ സ്രോതസ്സായി ഒരു പദ്ധതി കേരള വാട്ടർ അതോറിറ്റിയെ കൊണ്ട് നടപ്പിലാക്കുവാൻ തീരുമാനിച്ചു 4.36 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഈ പദ്ധതിക്കായി 03/07/2007-ൽ കേരള വാട്ടർ അതോറിറ്റിയുമായി കരാർ ഒപ്പുവെച്ചു.

6.) 08/08/2007-ൽ ദേശീയ തലത്തിലുള്ള പ്രമുഖപത്രങ്ങളിലും 21/08/2007-ൽ ലണ്ടൻ ആസ്ഥാനമായ അന്തർദേശീയ പത്രമായ ഫിനാൻഷ്യൽ ടൈംസിലൂടെ ആഗോള ദർഘാസ് ക്ഷണിച്ച് പരസ്യം നൽക

7.) ദർഘാസ് സമർപ്പിക്കേണ്ട അവസാന തീയതിയായ 31/01/2008-ൽ 5 കൺസോർഷ്യങ്ങൾ ടെണ്ടർ സമർപ്പിച്ചു. മേൽ കമ്പനികളുടെ പ്രതിനിധികളുടെ സാന്നിദ്ധ്യത്തിൽ ബിഡ് ഓപ്പണിംഗ് കമ്മിറ്റി പ്രാഥമിക പരിശോധന നടത്തി 5 ടെണ്ടറുകളും സ്വീകരിച്ചു.

8 ) ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള ബിഡ് ഇവാല്യുവേഷൻ കമ്മിറ്റി അവ വിശദമായി പരിശോധിച്ചു വരുന്നു.

| | | |
|---|---|---|
| ഡി) | തുറമുഖത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (ഡി) & (ഇ)<br>**റോഡ്-റെയില്‍ കണക്ടിവിറ്റി**<br>17.04-2007-ലെ സര്‍ക്കാര്‍ ഉത്തരവ് (ആര്‍.റ്റി) 248/07/തുറമുഖ പ്രകാരം തുറമുഖപ്രദേശത്തെ നാഷണല്‍ ഹൈവേയും റെയില്‍പാതയുമായി ബന്ധിപ്പിക്കുന്നതിനുള്ള സാദ്ധ്യതാപഠനം നടത്തുന്നതിനായി കേന്ദ്രസര്‍ക്കാര്‍ സ്ഥാപനമായ റൈറ്റ്സിനെ ചുമതലപ്പെടുത്തി. അതുമായി 31.05.2007-ല്‍ കരാര്‍ ഒപ്പുവെച്ചു. 45 ലക്ഷം രൂപ ചെലവ് വരുന്ന ഈ പ്രവര്‍ത്തിയുടെ പഠനറിപ്പോര്‍ട്ട് 2008 മാര്‍ച്ച് മാസത്തില്‍ ലഭ്യമാകും എന്ന് പ്രതീക്ഷിക്കുന്നു.<br><br>**ശുദ്ധജലവിതരണം**<br>തുറമുഖപ്രദേശത്ത് ശുദ്ധജലവിതരണം നടത്തുന്നതിനായി വെള്ളായണിക്കായല്‍ സ്രോതസ്സായി ഒരു പദ്ധതി കേരള വാട്ടര്‍ അതോറിറ്റിയെ കൊണ്ട് നടപ്പിലാക്കുവാന്‍ തീരുമാനിച്ചു. 4.38 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഈ പദ്ധതിക്കായി 03/07/2007-ല്‍ കേരള വാട്ടര്‍ അതോറിറ്റിയുമായി കരാര്‍ ഒപ്പുവെച്ചു. 16 മാസം കൊണ്ട് പൂര്‍ത്തീകരിക്കുന്ന ഈ പദ്ധതിയുടെ പ്രാരംഭപ്രവര്‍ത്തനങ്ങള്‍ ആരംഭിച്ചുകഴിഞ്ഞു.<br>**വൈദ്യുതി വിതരണം**<br>തുറമുഖപ്രവര്‍ത്തനങ്ങള്‍ക്ക് ആവശ്യമായി വരുന്ന വൈദ്യുതി ലഭ്യമാക്കുന്നത് സംബന്ധിച്ച് സംസ്ഥാന വൈദ്യുതി ബോര്‍ഡുമായി ചര്‍ച്ചകള്‍ നടത്തിവരുന്നു. |
| ഇ) | അടിസ്ഥാന സൗകര്യ വികസനം ഇപ്പോള്‍ ഏത് ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കുമോ? | |

സെക്ഷന്‍ ഓഫീസര്‍

## Annexure

## Consortium Members

| No | | Name | |
|---|---|---|---|
| 1 | i) | Apollo Enterprises Ltd.UK | Lead Member |
| | ii) | Aegek General Construction Company, Greece | |
| | iii) | KGL Ports International, Kuwait | |
| | iv) | D.S.Constructions Ltd, New Delhi | |
| 2 | i) | Nagarjuna Construction Company Ltd, Hyderabad | Lead Member |
| | ii) | Maytas Infra Ltd, Hyderabad | |
| | iii) | Overseas Port Management (S) Pte Ltd, Singapore | |
| 3 | i) | Videocon Industries Ltd, Mumbai | Lead Member |
| | ii) | Gammon India Ltd, Mumbai | |
| | iii) | Gammon Infrastructure Projects Ltd, Mumbai | |
| | iv) | Sical Logistics, Chennai | |
| 4 | i) | Lanco Kondapalli Power Ltd, Hyderabad | Lead Member |
| | ii) | Lanco Infratech Ltd, Hyderabad | |
| | iii) | Pembinaan Redzai Sdn Bhd, Malaysia | |
| 5 | i) | Zoom Developers (P) Ltd Mumbai | Lead Member |
| | ii) | Portia Management Services Ltd, UK | |
| | iii) | Peter Frankel & Partners, UK | |

പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 5

25.2.2008 ൽ മറുപടിക്ക്

"മിൽമ പാലിന്റെ വിലവർദ്ധന"

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ.കുട്ടി അഹമ്മദ് കുട്ടി, എം.എൽ.എ. | ശ്രീ.സി.ദിവാകരൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗ സംരക്ഷണവും വകുപ്പ് മന്ത്രി). |
| (എ) ഈ ഗവൺമെന്റ് അധികാരമേറ്റ ശേഷം മിൽമാ പാലിന്റെ വില വർദ്ധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ എത്ര തവണ; ലിറ്ററിന് എത്ര രൂപ വീതം; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മൂന്നു തവണ മിൽമ പാലിന്റെ വില വർദ്ധിപ്പിച്ചിട്ടുണ്ട്. 2007 ഫെബ്രുവരിയിലും നവംബറിലും ലിറ്ററിന് ഒരു രൂപ നിരക്കിലും 2008 ഫെബ്രുവരിയിൽ ലിറ്ററിന് 2 രൂപ നിരക്കിലുമാണ് വില വർദ്ധിപ്പിച്ചത്. |
| (ബി) മിൽമാ പാൽ വില ഇനിയും വർദ്ധിപ്പിക്കാൻ ഉദ്ദേശമുണ്ടോ; എങ്കിൽ എപ്പോൾ, എത്ര രൂപയുടെ വർദ്ധനവ് വരുത്തുവാനാണ് ഉദ്ദേശിക്കുന്നത്; ഈ ഗവൺമെന്റ് വന്നശേഷം ലിറ്ററൊന്നിന് എത്ര ശതമാനമാണ് വില വർദ്ധിപ്പിച്ചത്; | (ബി) പാൽ വില ഇനിയും വർദ്ധിപ്പിക്കുവാൻ ഇപ്പോൾ ഉദ്ദേശമില്ല. ഈ സർക്കാർ വന്നതിനുശേഷം പാൽ വില ലിറ്ററൊന്നിന് 24.68% വർദ്ധിപ്പിച്ചിട്ടുണ്ട്. |
| (സി) പാൽ വില ഇടക്കിടെ വർദ്ധിപ്പിക്കാനുള്ള യഥാർത്ഥ കാരണം വെളിപ്പെടുത്താമോ; ഇത് സാധാരണക്കാർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നതിനാൽ അടിക്കടി ഉണ്ടാകുന്ന വില വർദ്ധനവ് തടയാൻ നടപടി സ്വീകരിക്കുമോ ? | (സി) കാലിത്തീറ്റ ഉൾപ്പെടെയുള്ള ഉല്പാദനോപാധികളുടെ വില വർദ്ധനവ് മൂലം ഉല്പാദന ചെലവ് വർദ്ധിക്കുകയും വർദ്ധിച്ച ഉല്പാദനചെലവിന് അനുസൃതമായി പാലിന് വില ലഭിക്കണമെന്നുള്ള ക്ഷീര കർഷകരുടെ നിരന്തരമായ ആവശ്യവും പ്രാദേശിക സംഭരണം കുറഞ്ഞതും പാലിന്റെ ഉപഭോഗം വർദ്ധിച്ചതും അതനുസ |

രിച്ച് വിപണനം നിലനിർത്താൻ അയൽ സംസ്ഥാന സഹകരണ സ്ഥാപനങ്ങളിൽ നിന്നും വാങ്ങുന്ന പാലിന് അധിക വില യും കടത്തുകൂലിയും നൽകേണ്ടി വരു ന്നതും വില വർദ്ധനയ്ക്ക് കാരണമായി.

കന്നുകാലി സമ്പത്ത് വർദ്ധിപ്പിച്ച് പാലു ല്പാദനത്തിൽ സ്വയം പര്യാപ്തത ലക്ഷ്യമിട്ടു കൊണ്ടും അതുവഴി പാൽ വില നിയന്ത്ര ണാധീതമാക്കുവാൻ വേണ്ടിയും പശു ഗ്രാമം മിൽക്ക്ഷെഡ് വികസനം വ്യാപക മായ രീതിയിൽ തീറ്റപ്പുൽ കൃഷി, ഗുണമേ ന്മയുള്ള കാലിത്തീറ്റ മിതമായ വിലയ്ക്ക് ലഭ്യ മാക്കുക, ഊർജ്ജിത കന്നുകാലി വിക സനം , പ്രത്യേക കന്നുകാലി വികസനം, കന്നുകുട്ടി പരിപാലനം, മൃഗാശുപത്രിക ളുടെ വികസനവും പു:ന സംഘടനയും , രോഗ നിയന്ത്രണം, ശാസ്ത്രീയമായ കന്നു കാലി പ്രജനനനയം , പ്രീമിയം വിത്തുകാ ള, ഗോരേഖ, ക്ഷീരധാര, ഗുണമേന്മ കൂടിയ വിത്തുകാളകളുടെ ഇറക്കുമതി തുടങ്ങിയ പദ്ധതികൾ ക്ഷീരവികസന മൃഗസംരക്ഷണ വകുപ്പുകളുടേയും കെ.എൽ.ഡി. ബോർഡിൻെറയും സംയുക് താഭിമുഖ്യത്തിൽ ആവിഷ്കരിച്ച് നടപ്പിലാ ക്കി വരുന്നുണ്ട്. കൂടാതെ കാലിത്തീറ്റയ്ക്ക് സബ്സിഡി നല്കാനും നടപടി സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നംപർ: 6 — 25-02-2008 ൽ മറുപടിയ്ക്ക്.

## കഞ്ചിക്കോട് ഇന്റഗ്രൽ കോച്ച് ഫാക്ടറി

| ചോദ്യം: | ഉത്തരം |
|---|---|
| ശ്രീ. എം.ഹംസ :<br>ശ്രീ.എം.ചന്ദ്രൻ :<br>ശ്രീ.ബി.ഡി. ദേവസ്സി :<br>ശ്രീ.എം.ജെ.ജേക്കബ് :<br>ശ്രീ.ടി.പി.കുഞ്ഞുണ്ണി : | ശ്രീ. എം.വിജയകുമാർ<br>(നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി) |
| (എ). പാലക്കാട് ജില്ലയിൽ കഞ്ചിക്കോട്ട് സ്ഥാപിക്കാൻ അനുമതി ലഭിച്ചിട്ടുള്ള ഇന്റഗ്രൽ കോച്ച് ഫാക്ടറി തുടങ്ങുന്നത് സംബന്ധിച്ച് കൈക്കൊണ്ടിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ; | (എ). പാലക്കാട് ജില്ലയിൽ കഞ്ചിക്കോട് ഒരു ഫാക്ടറി സ്ഥാപിക്കുന്ന കാര്യം കേന്ദ്ര സർക്കാരിന്റെ സജീവ പരിഗണനയിലാണ്. |
| (ബി). ഫാക്ടറി സ്ഥാപിക്കുന്നതിന് ആവശ്യമായ സ്ഥലം കണ്ടെത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ; | (ബി). ഫാക്ടറി ആരംഭിയ്ക്കുന്നതിന് പാലക്കാട് 1000 ഏക്കർ ഭൂമി സൗജന്യമായി ഏറ്റെടുത്തു നൽകാമെന്ന് കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. |
| (സി). പദ്ധതി പൂർത്തിയാകുമ്പോൾ എത്ര പേർക്ക് തൊഴിൽ ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത് ? | (സി). കണക്കാക്കപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

ഏഴാംസമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 7 — 25-02-2008 ൽ മറുപടിയ്ക്ക്.

## കൊച്ചി മെട്രോ റെയിൽ പദ്ധതി

| ചോദ്യം:<br>ശ്രീ.എ.എം.ആരിഫ് :<br>ശ്രീ.സി.എം.ദിനേശ്മണി :<br>ശ്രീ.എ.എം.യൂസഫ് :<br>ശ്രീ.എം.എം.മോനായി : | ഉത്തരം<br>ശ്രീ. എം.വിജയകുമാർ<br>(നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി) |
|---|---|
| (എ). കൊച്ചി മെട്രോ റെയിൽ പദ്ധതി നടപ്പാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ; | (എ). കൊച്ചി മെട്രോ റെയിൽ പദ്ധതി നടപ്പിലാക്കുന്നതിനുള്ള സാദ്ധ്യതാ പഠനം ഡെൽഹി മെട്രോ റെയിൽ കോർപ്പറേഷൻ നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ഇതിന് കേന്ദ്ര ഗവൺമെന്റിന്റെ തത്വാധിഷ്ഠിത അംഗീകാരം ആവശ്യമാണ്. ഡെൽഹി മെട്രോ റെയിൽ കോർപ്പറേഷൻ മാതൃകയിൽ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ പങ്കാളിത്തത്തോടുകൂടി പദ്ധതി നടപ്പിലാക്കുവാനാണ് സംസ്ഥാന സർക്കാർ തീരുമാനിച്ചിട്ടുള്ളത്. അതിലേയ്ക്കാവശ്യമായ ഭൂമി ഏറ്റെടുക്കുന്ന നടപടികൾ നടന്നുവരുന്നു. |
| (ബി). പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ടിന്റെ വിശദാംശം വെളിപ്പെടുത്തുമോ; പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോ ; | (ബി). കൊച്ചിനഗരത്തിലെ ഹൃദയഭാഗങ്ങളെ ബന്ധപ്പെടുത്തി ആലുവ മുതൽ തൃപ്പൂണിത്തുറ (പേട്ട) വരെയുള്ള 25.253 കി.മീ ദൂരത്തിൽ എലിവേറ്റഡ് ലൈറ്റ് മെട്രോ റെയിൽ സംവിധാനം ഏർപ്പെടുത്തുന്നതിനാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. ആലുവയിൽ നിന്നും ആരംഭിച്ച് കളമശ്ശേരി, ഇടപ്പള്ളി, പാലാരിവട്ടം, കലൂർ, മാധവഫാർമസി, മഹാരാജാസ് കോളേജ്, എറണാകുളം സൗത്ത്, വൈറ്റില വഴി തൃപ്പൂണിത്തുറ പേട്ടയിൽ അവസാനിക്കുന്ന രീതിയിലാണ് മെട്രോ റെയിൽ പദ്ധതിക്ക് രൂപം നൽകിയിരിക്കുന്നത്. ഈ പദ്ധതിക്ക് പൂർത്തീകരണ ചെലവ് 2007 മേയ് മാസത്തിലെ വിലനിലവാര പ്രകാരം നികുതിയും മറ്റ് ചെലവുകളുമുൾപ്പെടെ 3084 കോടി രൂപയായാണ് കണക്കാക്കിയിട്ടുള്ളത്.<br>ഈ പദ്ധതിക്ക് കേന്ദ്ര അംഗീകാരം ഇതുവരെ ലഭിച്ചിട്ടില്ല. |

(സി). പദ്ധതിക്ക് മൊത്തം എന്തു തുക ചെലവ് പ്രതീക്ഷിക്കുന്നു ; പദ്ധതിക്ക് ആവശ്യമായ തുക എങ്ങനെ ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത് ;

(സി).2007-ലെ വിലനിലവാര പ്രകാരം പദ്ധതിക്ക് വേണ്ടിവരുന്ന പൂർത്തീകരണ ചെലവായ 3084 കോടി രൂപ താഴെപ്പറയും പ്രകാരം ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്.

| | % | Amount Rs.crores |
|---|---|---|
| Equity by Government of India | 20% | 616.8 |
| Equity by Government of Kerala | 15% | 462.6 |
| SD for land by Government of Kerala | 7% | 215.8 |
| SD for Central Taxes of Government of India | 8% | 246.8 |
| Exemption/Reimbursement of State Taxes by Government of Kerala | 3% | 92.5 |
| **Sub Total** | 53% | 1634.5 |
| JBIC Loan | 47% | 1449.5 |
| **Total** | **100%** | **3084.00** |

(ഡി). പദ്ധതി നടത്തിപ്പിന്റെ ചുമതല ആർക്കാണ് നൽകാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

(ഡി).പദ്ധതി നടത്തിപ്പിന്റെ ചുമതല ഡെൽഹി മെട്രോ റെയിൽ കോർപ്പറേഷനെ ഏൽപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്.

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ
ഏഴാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിട്ട<br>ചോദ്യം നമ്പർ 8 | 25.2.2008 ൽ<br>മറുപടിയ്ക്ക് |

## വില നിയന്ത്രിക്കാൻ സ്വീകരിച്ച നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ഉമ്മർ ;<br>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി ; | ശ്രീ. സി. ദിവാകരൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പു മന്ത്രി) |
| എ) ഈ സർക്കാർ അധികാരമേറ്റ ശേഷം അവശ്യസാധനങ്ങൾക്ക് വില വർദ്ധനവ് ഉണ്ടായിട്ടുണ്ടോ ; എങ്കിൽ വിലവർദ്ധനവ് പിടിച്ചു നിർത്തുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ; | എ) അവശ്യസാധനങ്ങൾക്ക് അന്യസംസ്ഥാനത്തെ വിലയുമായി താരതമ്യപ്പെടുത്തുമ്പോൾ സംസ്ഥാനത്ത് അസഹനീയമായ വിലക്കയറ്റം ഉണ്ടായിട്ടില്ല. സപ്ലൈകോ സംസ്ഥാനത്തുടനീളം 2400 ഔട്ട്‌ലെറ്റുകളിൽ കൂടി വിതരണം ചെയ്യുന്ന 13 അവശ്യ സാധനങ്ങൾക്ക് കഴിഞ്ഞ 18 മാസങ്ങളായി വിലവർദ്ധനവ് വരുത്തിയിട്ടില്ല. എന്നാൽ പൊതു വിപണിയിൽ നേരിയ വിലവർദ്ധനവ് ഉണ്ടായിട്ടുണ്ട്. അത് നിയന്ത്രിക്കാൻ ചുവടെ പറയുന്ന ഫലപ്രദമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>കേന്ദ്ര ഗവൺമെന്റ് അനുവദിച്ചു നൽകുന്ന റേഷൻ സാധനങ്ങൾ പൊതുവിതരണ കേന്ദ്രങ്ങൾ വഴി കാര്യക്ഷമമായി വിതരണം ചെയ്തിട്ടുണ്ട്. മൂന്നു രൂപ നിരക്കിൽ 20 ലക്ഷം ദരിദ്രകുടുംബങ്ങൾക്ക് അരി നൽകിവരുന്നു. സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ നേതൃത്വത്തിൽ പ്രത്യേക അരി കടകളിലൂടെയും സപ്ലൈകോ വില്പന ശാലകളിലൂടെയും 13.50 രൂപയ്ക്ക് പച്ചരിയും 14 രൂപയ്ക്ക് പുഴുക്കലരിയും വില്പന നടത്തിവരുന്നു. കൂടാതെ സംസ്ഥാന സർക്കാരിന്റെ ശ്രമഫലമായി 2007 ആഗസ്റ്റ്, ഡിസംബർ, 2008 ഫെബ്രുവരി, മാർച്ച് മാസങ്ങളിലേയ്ക്ക് 51,000 മെട്രിക് ടൺ അരിയും 2007 ഏപ്രിൽ മുതൽ 2008 മാർച്ച് വരെ 77778 മെട്രിക് ടൺ ഗോതമ്പും അഡീഷണലായി കേന്ദ്ര സർക്കാർ അനുവദിച്ചു നൽകിയിട്ടുണ്ട്. ആയത് പൊതുവിതരണ കേന്ദ്രങ്ങൾ വഴി വിതരണം ചെയ്ത് വിലക്കയറ്റം ഒരു പരിധിവരെ നിയന്ത്രിക്കാൻ കഴിഞ്ഞിട്ടുണ്ട്. പൊതുവിപണിയിലുണ്ടായ വിലവർദ്ധന നിയന്ത്രിക്കാൻ സിവിൽ സപ്ലൈസ് |

കോർപ്പറേഷൻ വിൽപ്പനശാലകൾ വഴിയും എ.ആർ.ഡി. ശബരി സ്റ്റോറുകൾ വഴിയും നിത്യോപയോഗ സാധനങ്ങൾ പൊതുവിപണിയെക്കാൾ കുറഞ്ഞ നിരക്കിൽ (7% – 30% വരെ) സാധാരണ ജനങ്ങൾക്ക് വിതരണം നടത്തിയിട്ടുണ്ട്. സിവിൽ സപ്ലൈസ് കോർപ്പറേഷൻ നൽകുന്ന കുറഞ്ഞ വിലയുടെ ആനുകൂല്യം കൂടുതൽ ജനങ്ങളിൽ എത്തിക്കുക എന്ന ലക്ഷ്യത്തോടെ 64 പുതിയ വിൽപ്പന ശാലകൾ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആരംഭിച്ചിട്ടുണ്ട്. നിലവിലുള്ള സൂപ്പർ മാർക്കറ്റുകൾ ഞായറാഴ്ചകളിലും തുറന്നു പ്രവർത്തിപ്പിക്കാനുള്ള നടപടി എടുത്തിട്ടുണ്ട്. ഇവ കൂടാതെ ആദിവാസി/തീരദേശ നിവാസികളുടെ ഉന്നമനത്തിനായി സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകളും പ്രവർത്തനം നടത്തുന്നുണ്ട്. ഉത്സവ കാലങ്ങളിൽ ഉണ്ടായേക്കാവുന്ന വിലവർദ്ധന കരിഞ്ചന്ത, പൂഴ്ത്തിവെയ്പ് എന്നിവ തടയുക എന്ന ഉദ്ദേശത്തോടെ സിവിൽ സപ്ലൈസ് കോർപ്പറേഷൻ നടത്തുന്ന മാർക്കറ്റ് ഇടപെടൽ മൂലം ഏത്തയ്ക്ക, പച്ചക്കറി ഉൾപ്പെടെയുള്ള അവശ്യ സാധനങ്ങളുടെ പൊതു വിപണിയിലെ വിലനിലവാരം വർദ്ധിക്കുന്നത് തടയാൻ കഴിഞ്ഞിട്ടുണ്ട്. ഇതിനുപരിയായി വിലവർദ്ധനവുണ്ടാകുന്ന സമയങ്ങളിൽ സിവിൽ സപ്ലൈസ് കോർപ്പറേഷൻ സ്പെഷ്യൽ ചന്തകളും സംഘടിപ്പിച്ചിട്ടുണ്ട്. പച്ചക്കറി മത്സ്യ മാംസാദികൾ മറ്റു ഉപഭോക്തൃ ഉല്പന്നങ്ങൾ തുടങ്ങിയവ ഒരു കുടക്കീഴിൽ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ പീപ്പിൾസ് ബസാറുകളും ആരംഭിച്ചിട്ടുണ്ട്. അരിവില വർദ്ധിച്ച സമയത്ത് പ്രത്യേക കൗണ്ടറുകൾ വഴിയും, മൊബൈൽ അരിക്കട വഴിയും സപ്ലൈകോ വില്പന ശാലകൾ വഴിയും 14 രൂപയ്ക്ക് പുഴുക്കലരിയും 13.50 രൂപയ്ക്ക് പച്ചരിയും വിതരണം നടത്തിയിട്ടുണ്ട്. ആദിവാസി, തീരദേശ മേഖലകളിൽ നിവസിക്കുന്നവരുടെ ആവശ്യങ്ങൾ കണക്കിലെടുത്ത് മൊബൈൽ അരിക്കടകളും പ്രവർത്തിച്ചിട്ടുണ്ട് മേൽ വിലയ്ക്ക് നൽകിവരുന്ന അരി വിതരണം ഇപ്പോഴും തുടരുന്നുണ്ട്. കൃത്രിമമായി വിലക്കയറ്റം സൃഷ്ടിക്കുന്നതിൽ പ്രധാന പങ്ക് വഹിക്കുന്ന കരിഞ്ചന്തയും പൂഴ്ത്തിവയ്പും തടയുന്നതിന് എല്ലാ ജില്ലകളിലും റെയ്ഡുകളും, റേഷൻ അദാലത്തുകളും പ്രൈസ്

| | | | |
|---|---|---|---|
| | | | മോണിറ്ററിംഗ് സെല്ലുകളും ജില്ലാ-പ്രാദേശിക വിജിലൻസ് സമിതികളും കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു. കൂടാതെ; കഴിഞ്ഞ വർഷത്തെക്കാൾ കിലോഗ്രാമിന് 50 പൈസ കൂട്ടി 9 രൂപ നിരക്കിൽ നെല്ല് സംഭരിച്ച് കുത്തി അരിയാക്കി റേഷൻ വിലയ്ക്ക് വിതരണം ചെയ്തുവരുന്നു. ഇപ്രകാരമുള്ള പ്രവർത്തനങ്ങളുടെ ഫലമായി വിലക്കയറ്റം ഒരു പരിധിവരെ പിടിച്ചുനിർത്താൻ സാധിച്ചിട്ടുണ്ട്. |
| ബി) | വില വർദ്ധനവ് നിയന്ത്രിക്കാൻ സിവിൽ സപ്ലൈസ് കോർപ്പറേഷന് എന്തൊക്കെ സഹായങ്ങളാണ് നൽകിയത് ; | ബി) | വിലക്കയറ്റം നിയന്ത്രിക്കുന്നതിന് സിവിൽ സപ്ലൈസ് കോർപ്പറേഷന് 2007-08 സാമ്പത്തിക വർഷം മാർക്കറ്റ് ഇന്റർവെൻഷൻ സ്കീം പ്രകാരം 35 കോടി രൂപ സബ്സിഡിയായി നൽകി. കൂടാതെ 16.2.2008 വരെ അരിക്കടകൾ നടത്തുന്നതിലേയ്ക്കായി മൂന്നു കോടി രൂപയും നൽകി. ഇപ്പോൾ 4.08 കോടി രൂപയും കൂടി അനുവദിച്ചിട്ടുണ്ട്. |
| സി) | ഇപ്പോൾ വില വർദ്ധനവ് നിയന്ത്രണാധീനമാണോ എന്ന് വ്യക്തമാക്കുമോ ? | സി) | ഇപ്പോൾ വില വർദ്ധനവ് നിയന്ത്രണാധീനമാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഏഴാംസമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നംപർ: 9 — 25-02-2008 ൽ മറുപടിയ്ക്ക്.

## മെട്രോ റെയിൽവേയും സബർബൻ ട്രെയിൻ സർവ്വീസും

ചോദ്യം:
ശ്രീ.വി.എസ്.സുനിൽകുമാർ :
ശ്രീ.ബാബുപോൾ :
ശ്രീ.എൻ.രാജൻ :
ശ്രീ.പി.തിലോത്തമൻ :

ഉത്തരം
ശ്രീ. എം.വിജയകുമാർ
(നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| (എ). സംസ്ഥാനത്ത് മെട്രോ റെയിൽവേ, സബർബൻ ട്രെയിൻ സർവ്വീസ് എന്നിവയ്ക്ക് പ്രാരംഭ നടപടികളായിട്ടുണ്ടോ ;<br><br>(ബി). ഇവ എവിടെയെല്ലാമാണ് തുടങ്ങുന്നതെന്ന് വ്യക്തമാക്കുമോ ; | (എ) യും (ബി) യും<br>കൊച്ചിയിൽ ഒരു എലിവേറ്റഡ് ലൈറ്റ് മെട്രോ റെയിൽ സംവിധാനം ഏർപ്പെടുത്തുന്നതിന് സർക്കാർ തീരുമാനം എടുത്തിട്ടുണ്ട്. ഡി.എം.ആർ.സി-യും കേന്ദ്ര ഗവൺമെന്റുമായി ചർച്ചകൾ നടന്നുവരുന്നു. കോഴിക്കോട് , തിരുവനന്തപുരം എറണാകുളം, പാലക്കാട് എന്നീ പ്രദേശങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന സബർബൻ റെയിൽവേ ഏർപ്പെടുത്തുന്നതിനും സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. |
| (സി). സംസ്ഥാനത്ത് പുതിയ റെയിൽ പാതകൾ ആരംഭിയ്ക്കുന്നതിനുള്ള സർവ്വേ നടത്തിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം റെയിൽ പാതകൾക്ക് വേണ്ടിയാണ് സർവ്വേ നടത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;<br><br>(ഡി). ഈ സർവ്വേ റിപ്പോർട്ടുകളുടെ വെളിച്ചത്തിൽ ഈ റെയിൽപാതകൾക്ക് വേണ്ടി എന്തെല്ലാം നടപടികൾ ഇതുവരെ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ? | (സി). യും (ഡി) യും.<br>ഇതിനുള്ള നടപടികൾ കൈക്കൊള്ളേണ്ടത് കേന്ദ്ര റെയിൽ മന്ത്രാലയമാണ്. ഇപ്പോൾ നടന്നു കൊണ്ടിരിക്കുന്ന സർവ്വേകൾ സംബന്ധിക്കുന്ന സ്റ്റേറ്റ്മെന്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.

അനുബന്ധം

| | ലൈൻ | ദൂരം | ഇപ്പോഴത്തെ സ്ഥിതി |
|---|---|---|---|
| 01. | നിലമ്പൂർ-നഞ്ചൻഗുഡ്ഡ് | 238 കി.മീ | സർവ്വേ റിപ്പോർട്ട് റെയിൽ ബോർഡിന് സമർപ്പിച്ചിട്ടുണ്ട്. റെയിൽവേ ബോർഡ് തീരുമാനം അറിയിച്ചിട്ടില്ല. |
| 02 | എരുമേലി- പുനലൂർ - തിരുവനന്തപുരം | 136 കി.മീ | സർവ്വേ റിപ്പോർട്ട് 21..10..2005-ൽ റെയിൽബോർഡിന് സമർപ്പിച്ചു. റെയിൽ ബോർഡ് ചില വിശദീകരണങ്ങൾ കൂടി ഉൾപ്പെടുത്തി സർവ്വേ അപ്ഡേറ്റ് ചെയ്യാൻ ആവശ്യപ്പെട്ടു. അപ്രകാരം അപ്ഡേറ്റ് ചെയ്ത സർവ്വേ റിപ്പോർട്ട് 07..12..2007-ൽ റെയിൽവേ ബോർഡിന് നൽകിയിട്ടുണ്ട്. റെയിൽവേ ബോർഡ് തീരുമാനം അറിയിച്ചിട്ടില്ല. |
| 03 | മധുര - കോട്ടയം | 231.1 കി.മീ | സർവ്വേ റിപ്പോർട്ടും അപ്ഡേറ്റിംഗ് സർവേ റിപ്പോർട്ടും റെയിൽവേ ബോർഡിന് സമർപ്പിച്ചിട്ടുണ്ട്. റെയിൽവേ ബോർഡ് തീരുമാനം അറിയിച്ചിട്ടില്ല. |
| 04 | തലശ്ശേരി - മൈസൂർ ( കൂർഗ്ഗ് വഴി) | 298.75 കി.മീ | സർവ്വേ റിപ്പോർട്ട് ആദ്യം റെയിൽ ബോർഡ് അംഗീകരിച്ചില്ല. എന്നാൽ 2007-2008-ലെ ബഡ്ജറ്റിൽ വീണ്ടും സർവ്വേ നടത്താൻ തീരുമാനിക്കുകയും അതനുസരിച്ച് സർവ്വേ പൂർത്തിയാക്കിയിട്ടുമുണ്ട്. റിപ്പോർട്ട് തയ്യാറാക്കി വരികയാണ്. |
| 05 | കായംകുളം-കൊട്ടാരക്കര (അടൂർ - പത്തനാപുരം - ആവണീശ്വരം) | 48 കി.മീ | സർവ്വേ പൂർത്തിയാക്കി 30..03..2007-ൽ റെയിൽവേ ബോർഡിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. റെയിൽ ബോർഡ് തീരുമാനം അറിയിച്ചിട്ടില്ല. |
| 06 | ശബരിമല - ചെങ്ങന്നൂർ | 63.7 കി.മീ | സർവ്വേ പൂർത്തിയാക്കി 28..09..2007-ൽ റെയിൽവേ ബോർഡിന് റിപ്പോർട്ട് നൽകിയിട്ടുണ്ട്. റെയിൽവേ ബോർഡ് തീരുമാനം അറിയിച്ചിട്ടില്ല. |
| 07 | ഇടപ്പള്ളി - ഗുരുവായൂർ | 77 കി.മീ | റിപ്പോർട്ട് റെയിൽവേ ബോർഡിന്റെ പരിഗണനയിലാണ്. |
| 08 | താനൂർ - ഗുരുവായൂർ | | സർവ്വേ റെയിൽ മന്ത്രാലയം അനുവദിച്ചുവെങ്കിലും തദ്ദേശവാസികളുടെ എതിർപ്പുമൂലം സർവ്വേ നടപടികൾ പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. |
| 09 | അങ്കമാലി - അഴുത | | സർവ്വേ പൂർത്തിയാക്കി. സ്ഥലം ഏറ്റെടുക്കൽ നടപടി പുരോഗമിക്കുന്നു. |
| 10 | തിരൂർ - അങ്ങാടിപ്പുറം | 41 കി.മീ | സർവ്വേ റിപ്പോർട്ട് റെയിൽവേ ബോർഡിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ - 10      25-2-2008 ൽ മറുപടിക്ക്

## വിദേശത്തുനിന്ന് തിരിച്ചെത്തിയ പ്രവാസികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. സി.പി. മുഹമ്മദ് | ശ്രീ. വി.എസ് അച്യുതാനന്ദൻ (മുഖ്യമന്ത്രി) |
| (എ). വിദേശങ്ങളിൽ നിന്ന് തിരിച്ചെത്തിയ പ്രവാസികൾക്കുവേണ്ടി സർക്കാർ എന്തെല്ലാം സഹായമാണ് ചെയ്യുവാൻ ഉദ്ദേശിക്കുന്നത് ; | (എ) വിദേശത്ത് ജോലിചെയ്യുന്ന പ്രവാസി കേരളീയർക്കും തിരിച്ചെത്തിയവർക്കുമായി ക്ഷേമപദ്ധതി നടപ്പാക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. |
| (ബി). ഇതിനകം എത്രപേർക്ക് സഹായം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ? | ബി). സാന്ത്വന പദ്ധതിപ്രകാരം ഇതുവരെ 252 അപേക്ഷകർക്ക് 25,50,000/- രൂപ (ഇരുപത്തിയഞ്ചു ലക്ഷത്തി അമ്പതിനായിരം രൂപ) ധനസഹായമായി നൽകിയിട്ടുണ്ട്. എമർജൻസി റിപ്പാട്രിയേഷൻ ഫണ്ടിൽനിന്നും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം. ആകെ 4,31,219/- (നാലു ലക്ഷത്തി മുപ്പത്തിയൊന്നായിരത്തി ഇരുനൂറ്റിപത്തൊമ്പതു രൂപ മാത്രം) രൂപ ധനസഹായമായി നൽകിയിട്ടുണ്ട് വിദേശത്തുവച്ചു മരണമടഞ്ഞ നിർധനരായ കേരളീയരുടെ മൃതദേഹം നാട്ടിലെത്തിക്കുന്നതിനും ലബനനിൽനിന്നും കേരളീയരെ ഒഴിപ്പിച്ചുകൊണ്ടുവന്നതിനും ചെലവായ തുക ഇതിൽ ഉൾപ്പെടും.<br><br>വിദേശത്ത് ജോലിനഷ്ടപ്പെട്ട് നാട്ടിൽ തിരിച്ചെത്തിയ പ്രവാസികൾക്കായി |

ചെറുകിട തൊഴിൽ സംരംഭ പദ്ധതികൾ നോർക്ക റൂട്ട്സിന്റെ മേൽനോട്ടത്തിൽ നടത്തുന്നുണ്ട്. വിദേശ രാജ്യങ്ങളിൽ ജോലിക്കു പോകാനാഗ്രഹിക്കുന്നവർക്കും അവിടങ്ങളിൽനിന്നും തിരിച്ചെത്തുന്നവർക്കും വിവിധ തൊഴിൽ മേഖലകളിൽ ജോലി ചെയ്യുന്നതിനുള്ള വൈദഗ്ധ്യം മെച്ചപ്പെടുന്നതിനായി പരിശീലനകേന്ദ്രങ്ങൾ തുടങ്ങാൻ സർക്കാരിനു പദ്ധതിയുണ്ട്.

പന്ത്രണ്ടാം കേരളനിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 11 — 25.2.2008 ൽ മറുപടിക്ക്

പാലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. വി.എൻ. വാസവൻ: എം.എൽ.എ<br>ശ്രീ. സി.കെ.പി.പത്മനാഭൻ: എം.എൽ.എ<br>ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ: എം.എൽ.എ<br>ശ്രീ.കെ.കെ.ജയചന്ദ്രൻ: എം.എൽ.എ<br>ശ്രീ.കെ.കുഞ്ഞിരാമൻ: എം.എൽ.എ | ശ്രീ.സി.ദിവാകരൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗ സംരക്ഷണവും വകുപ്പ് മന്ത്രി). |
| (എ)മിൽമ പാലിൻെറ വില വർദ്ധിപ്പിക്കുന്നതിന് സർക്കാർ അനുമതി നൽകിയ സാഹചര്യം വിശദമാക്കുമോ ; | (എ) സംസ്ഥാനത്ത് ആഭ്യന്തര പാൽ ഉല്പാദനം കുറഞ്ഞപ്പോൾ ഉപഭോക്താക്കളുടെ ആവശ്യം നിറവേറ്റുന്നതിനായി മിൽമാ അയൽ സംസ്ഥാനങ്ങളിൽ നിന്നും ഉയർന്ന വിലയും കടത്തു കൂലിയും നൽകി പാൽ ഇറക്കുമതി ചെയ്തു വിപണനം നടത്തിയതിലുണ്ടായ നഷ്ടം നികത്തുന്നതിനും, ഉല്പാദന ചെലവിനനുസൃതമായി പാലിന് വില ലഭിക്കണമെന്ന കർഷകരുടെ നിരന്തര ആവശ്യം പരിഗണിച്ച് കൂടുതൽ വില ലഭ്യമാക്കി പാലിൻെറ ആഭ്യന്തര ഉല്പാദനം കൂട്ടുന്നതിനുമാണ് വില വർദ്ധിപ്പിക്കുന്നതിന് അനുമതി നൽകിയിട്ടുള്ളത്. |

(ബി) സംസ്ഥാനത്ത് പാൽക്ഷാമം രൂക്ഷമാകാനുള്ള കാരണങ്ങൾ എന്തെല്ലാമാണ്;

(ബി)പുല്ലിൻെറ ഉപഭോഗത്തിലുള്ള ക്രമാതീതമായ വർദ്ധന, തീറ്റപ്പുല്ലിൻെറ ദൗർലഭ്യം, കാലാവസ്ഥ വ്യതിയാനം ഉല്പാദന ക്ഷമതയുള്ള ഉരുക്കുകളുടെ ലഭ്യതക്കുറവ് എന്നിവ കാരണം സംസ്ഥാനത്തെ പാൽ ഉല്പാദനം കുറഞ്ഞതുകൊണ്ടും, രാജ്യത്തെ ആകമാനമുള്ള പാൽ ഉല്പാദനം കുറഞ്ഞതുകാരണം അയൽ സംസ്ഥാനങ്ങളിൽ നിന്നും ലഭിച്ചു കൊണ്ടിരുന്ന പാലിൻെറ അളവിൽ കുറവ് ഉണ്ടായതുമൂലവും സംസ്ഥാനത്ത് രൂക്ഷമായ പാൽ ദൗർലഭ്യ മുണ്ടായി. ഇതിനു പുറമെ അടുത്ത കാലത്തുണ്ടായ പകർച്ച വ്യാധികൾ പ്രകൃതിക്ഷോഭം എന്നിവ കർഷകരുടെ ആരോഗ്യത്തെ ബാധിക്കുകയും കാലികളെ സംരക്ഷിക്കാൻ കഴിയാതെ വന്നതുകൊണ്ട് പാൽ ഉല്പാദനത്തിൻെറ കുറവ് വന്ന സാഹചര്യവും പാൽ ക്ഷാമം രൂക്ഷമാകുന്നതിനും കാരണമായി.

(സി) സംസ്ഥാനത്ത് കന്നുകാലികളുടെ എണ്ണത്തിൽ കുറവുണ്ടായിട്ടുള്ളതായി സെൻസസിൽ വ്യക്തമായിട്ടുണ്ടോ; എങ്കിൽ ഇതു പരിഹരിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;
(ഡി) സംസ്ഥാനത്ത് പാലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് ഫലപ്രദമായ പദ്ധതികൾ ആവിഷ്കരിക്കുമോ?

(സി) & (ഡി) 2003 ലെ സെൻസസ് പ്രകാരം കന്നുകാലികളുടെ എണ്ണത്തിൽ കുറവുള്ളതായി വെളിപ്പെടുത്തിയിട്ടുണ്ട് കന്നുകാലി സമ്പത്ത് വർദ്ധിപ്പിച്ചു. പാലിൻെറ ഉല്പാദനത്തിൽ സ്വയം പര്യാപ്തത നേടുന്നതിനായി പശുഗ്രാമം മിൽക്ക് ഷെഡ് വികസനം വിദർഭ പാക്കേജ്. വ്യാപകമായ രീതിയിൽ തീറ്റപ്പുൽ കൃഷി. ഗുണമേന്മയുള്ള കാലിത്തീറ്റ മിതമായ വിലയ്ക്ക് ലഭ്യമാക്കു, ഊർജ്ജിത കന്നുകാലി വികസനം, പ്രത്യേക കന്നുകാലി വികസനം , കന്നുകുട്ടി പരിപാലനം , മൃഗാശു

പത്രികളുടെ വികസനവും പുന:സംഘടനയും, രോഗ നിയന്ത്രണം, ശാസ്ത്രീയമായ കന്നുകാലി പ്രജനന നയം, പ്രീമിയം വിത്തുകാള, ഗോരേഖാ, ക്ഷീരധാര, ഗുണമേന്മ കൂടിയ വിത്തുകാളകളുടെ ഇറക്കുമതി തുടങ്ങിയ പദ്ധതികൾ ക്ഷീരവികസന മൃഗസംരക്ഷണ വകുപ്പുകളുടേയും കെ.എൽ.ഡി ബോർഡിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ വയനാട്, ഇടുക്കി ജില്ലകളിൽ ഹൈടെക് ഫാമുകൾ, കാലിത്തീറ്റ സബ്സിഡി എന്നീ പദ്ധതികളും ആവിഷ്കരിച്ചു നടപ്പിലാക്കുന്നതാണ്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ 12

25.2.2008 ൽ
മറുപടിയ്ക്ക്

## ഭക്ഷ്യ വസ്തുക്കളുടെ വിലക്കയറ്റം

ചോദ്യം
ശ്രീ. കെ.പി. മോഹനൻ

ഉത്തരം
ശ്രീ. സി. ദിവാകരൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പു മന്ത്രി)

എ) സംസ്ഥാനത്ത് ഭക്ഷ്യ വസ്തുക്കളുടെ വിലക്കയറ്റം ഉണ്ടായതിന് കാരണം എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ ;

എ) ആഗോളതലത്തിൽ ഉണ്ടായ ഭക്ഷ്യ വില വർദ്ധനവും കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് അനുവദിച്ചിരുന്ന എ.പി.എൽ. അരിയുടെ വിഹിതം വെട്ടിക്കുറച്ചതും കാരണമായിട്ടുണ്ട്. ചെറുകിട വ്യാപാര രംഗത്ത് കുത്തകകളുടെ കടന്നുകയറ്റവും ; അവശ്യ സാധന നിയമത്തിൽ കേന്ദ്ര സർക്കാർ വരുത്തിയ നിയമ ഭേദഗതിയും വിലക്കയറ്റത്തിനു വഴിതെളിച്ചു. ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിലേയ്ക്ക് ആവശ്യമായ ഭക്ഷ്യ വസ്തുക്കളിലധികവും കൊണ്ടുവരുന്നത് അന്യ സംസ്ഥാനങ്ങളിൽ നിന്നാണ്. ഉല്പാദന കേന്ദ്രങ്ങളിലെ വിലവർദ്ധനവും മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിലേയ്ക്ക് കൊണ്ടുവരുന്ന സാധനങ്ങളുടെ മേൽ താല്ക്കാലിക നിയന്ത്രണങ്ങൾ വന്നതും ഭക്ഷ്യ വസ്തുക്കൾക്ക് വില വർദ്ധനവിന് കാരണമായിട്ടുണ്ട്.

ബി) വിലക്കയറ്റം തടയാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദീകരിക്കുമോ ?

ബി) വിലക്കയറ്റം തടയുന്നതിന് ഈ സർക്കാർ സാധ്യമായ എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റ് അനുവദിച്ചു നൽകുന്ന റേഷൻ സാധനങ്ങൾപൊതുവിതരണ കേന്ദ്രങ്ങൾ വഴി കാര്യക്ഷമമായി വിതരണം ചെയ്തിട്ടുണ്ട്. മൂന്നു രൂപ നിരക്കിൽ 20 ലക്ഷം ദരിദ്രകുടുംബങ്ങൾക്ക് അരി നൽകിവരുന്നു. വിലക്കയറ്റം നിയന്ത്രിക്കുന്നതിനും അന്യ സംസ്ഥാനങ്ങളിൽ നിന്നും നിത്യോപയോഗ സാധനങ്ങൾ സുലഭമായി ലഭ്യമാക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ചു. സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ നേതൃത്വത്തിൽ പ്രത്യേക അരി കടകളിലൂടെയും സപ്ലൈകോ വില്പന ശാലകളിലൂടെയും 13.50 രൂപയ്ക്ക് പച്ചരിയും 14 രൂപയ്ക്ക് പുഴുക്കലരിയും വില്പന

നടത്തിവരുന്നു. കൂടാതെ സംസ്ഥാന സർക്കാരിന്റെ ശ്രമഫലമായി 2007 ആഗസ്റ്റ്, ഡിസംബർ 2008 ഫെബ്രുവരി, മാർച്ച് മാസങ്ങളിലേയ്ക്ക് 51,000 മെട്രിക് ടൺ അരിയും 2007 ഏപ്രിൽ മുതൽ 2008 മാർച്ച് വരെ 77778 മെട്രിക് ടൺ ഗോതമ്പും അഡീഷണലായി കേന്ദ്ര സർക്കാർ അനുവദിച്ചു നൽകിയിട്ടുണ്ട്. ആയത് പൊതുവിതരണ കേന്ദ്രങ്ങൾ വഴി വിതരണം ചെയ്ത് വിലക്കയറ്റം ഒരു പരിധിവരെ നിയന്ത്രിക്കാൻ കഴിഞ്ഞിട്ടുണ്ട്. കൂടാതെ മാവേലി, മാവേലി സൂപ്പർമാർക്കറ്റ്, പീപ്പിൾസ് ബസാർ, ലാഭം മാർക്കറ്റ് തുടങ്ങി 2400 ൽ പരം കേന്ദ്രങ്ങൾ വഴി ന്യായവിലയ്ക്ക് നിത്യോപയോഗ സാധനങ്ങൾ നൽകിവരുന്നു. എല്ലാ ജില്ലകളിലും പീപ്പിൾസ് ബസാറുകൾ പ്രവർത്തിച്ചുവരുന്നു. കൂടാതെ സഹകരണ വിപണന പദ്ധതി പ്രകാരം ന്യായവിലയ്ക്ക് നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. കൃത്രിമമായി വിലക്കയറ്റം സൃഷ്ടിക്കുന്നതിൽ പ്രധാന പങ്ക് വഹിക്കുന്ന കരിഞ്ചന്തയും പൂഴ്ത്തിവയ്പും തടയുന്നതിന് എല്ലാ ജില്ലകളിലും റെയ്ഡുകളും റേഷൻ അദാലത്തുകളും പ്രൈസ് മോണിറ്ററിംഗ് സെല്ലുകളും ഭക്ഷ്യോപദേശക വിജിലൻസ് സമിതികളും കാര്യക്ഷമമായി പ്രവർത്തിച്ചു-വരുന്നു. ഇപ്രകാരമുള്ള പ്രവർത്തനങ്ങളുടെ ഫലമായി വിലക്കയറ്റം ഒരു പരിധിവരെ പിടിച്ചു-നിർത്താൻ സാധിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ടചോദ്യം നമ്പർ: 13 — 25.2.2008 - ൽ മറുപടിക്ക്

## അഴിമതി അവസാനിപ്പിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.എ.അസീസ്:<br>ശ്രീ.കോവൂർ കുഞ്ഞുമോൻ: | ശ്രീ.അച്ച്യുതാനന്ദൻ,<br>മുഖ്യമന്ത്രി. |
| (എ) ഭരണരംഗത്ത് തുടർന്നുവരുന്ന അഴിമതി അവസാനിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) അഴിമതിക്കാർക്കെതിരായി ലഭിക്കുന്ന പരാതികൾ പരിശോധിച്ച് വിജിലൻസ് അന്വേഷണം ആവശ്യമായവയിൽ വിജിലൻസ് അന്വേഷണം നടത്തുന്നതിന് അനുമതി നൽകാറുണ്ട്. തുടർന്ന് വിജിലൻസ് ഡയറക്ടറിൽ നിന്നും ലഭിക്കുന്ന അന്വേഷണ റിപ്പോർട്ടിന്മേൽ യുക്തമായ നടപടി സ്വീകരിക്കുന്നുണ്ട്.<br>വിവിധ വകുപ്പുകളിൽ നടക്കുന്ന അഴിമതി അവസാനിപ്പിക്കുന്നതിൻെറ ഭാഗമായി വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ സംസ്ഥാന വ്യാപകമായി മിന്നൽ പരിശോധനകൾ നടത്തുന്നുണ്ട്. അഴിമതി നടക്കുന്നതായി സർക്കാർ ഓഫീസുകൾക്കെതിരെ പരാതി ലഭിക്കുന്ന സാഹചര്യങ്ങളിൽ മിന്നൽ പരിശോധനകൾ നടത്തുകയും തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. പത്രവാർത്തകളുടേയും രഹസ്യ വിവരങ്ങളുടേയും അടിസ്ഥാനത്തിൽ വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോ അന്വേഷണം നടത്തി കേസ് രജിസ്റ്റർ ചെയ്ത് നടപടികൾ സ്വീകരിച്ചുവരുന്നു. കൈക്കൂലി |

ആവശ്യപ്പെട്ടതായി അറിയിച്ചുകൊണ്ട് പരാതിക്കാർ നേരിട്ട് സമീപിക്കുന്ന സാഹചര്യത്തിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ട്രാപ്പ്കേസുകൾ രജിസ്റ്റർ ചെയ്ത് കൈക്കൂലി കൈപ്പറ്റുന്ന അവസരത്തിൽത്തന്നെ പ്രതികളെ അറസ്റ്റ് ചെയ്ത് കേസന്വേഷണം നടത്തി നടപടികൾ സ്വീകരിച്ചുവരുന്നു.

അഴിമതിക്കാരുടെ അവിഹിത സമ്പാദ്യത്തെക്കുറിച്ച് വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോ രഹസ്യാന്വേഷണങ്ങൾ നടത്തി റിപ്പോർട്ട് സമർപ്പിക്കുകയും വിജിലൻസ് അന്വേഷണം ആവശ്യമായവയിൽ വിജിലൻസ് അന്വേഷണത്തിനുള്ള അനുമതിയും നൽകാറുണ്ട്.

| | |
|---|---|
| (ബി) അവിഹിതസ്വത്ത് സമ്പാദിക്കുന്നവരുടെ സ്വത്ത് കണ്ടുകെട്ടുന്നതിനും അഴിമതിക്കാരായ ഉന്നത ഉദ്യോഗസ്ഥന്മാർക്കെതിരെ നടപടി എടുക്കുന്നതിനും നിലവിലുള്ള നിയമങ്ങൾ പര്യാപ്തമാണോ; ഇല്ലെങ്കിൽ ഇതിനാവശ്യമായ പുതിയ നിയമം കൊണ്ടുവരാൻ നടപടി സ്വീകരിക്കുമോ ? | (ബി) അവിഹിത സ്വത്ത് സമ്പാദിക്കുന്നവരുടെ സ്വത്ത് കണ്ടുകെട്ടുന്നത് സംബന്ധിച്ച നിയമനിർമ്മാണം പരിഗണനയിലാണ്. |

സെക്ഷൻ ആഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 114, 25-2--2008-ൽ മറുപടി

നല്കേണ്ടത്

## തലസ്ഥാനത്ത് ഹൈക്കോടതി ബെഞ്ച്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ആർ.സെൽവരാജ്:<br>" ആനത്തലവട്ടം ആനന്ദൻ:<br>" വി.ശിവൻകുട്ടി:<br>" .വി.ജെ.തങ്കപ്പൻ;<br>ശ്രീമതി.ജെ.അരുന്ധതി: | ശ്രീ.എം.വിജയകുമാർ,<br>(നിയമവും പാർലമെൻററികാര്യവും<br>സ്പോർട്സും യുവജനക്ഷേമവും<br>തുറമുഖവും വകുപ്പുമന്ത്രി) |
| (എ) തലസ്ഥാനത്ത് ഹൈക്കോടതി ബെഞ്ച് സ്ഥാപിക്കുന്നത് സംബന്ധിച്ച നടപടികളുടെ ഇപ്പോഴത്തെ അവസ്ഥ എന്താണ്; | തലസ്ഥാനത്ത് ഹൈക്കോടതി ബെഞ്ച് സ്ഥാപിക്കേണ്ട ആവശ്യമില്ലെന്ന ഹൈക്കോടതിയുടെ നിലപാട് പുന:പരിശോധിക്കുന്നതിന് ബഹു.ഹൈക്കോടതി ചീഫ് ജസ്റ്റിസിനോട് 29/01/2008-ലെ കത്ത് മുഖേന ബഹു.മുഖ്യമന്ത്രി ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ, ഹൈക്കോടതി ബെഞ്ച് തിരുവനന്തപുരത്ത് സ്ഥാപിക്കുന്നതിന് അനുമതി നൽകണമെന്ന് കേന്ദ്ര നിയമ മന്ത്രാലയത്തോട് 4/02/2008-ലെ കത്തു മുഖേന ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ബി) ഹൈക്കോടതി ബെഞ്ച് സ്ഥാപിക്കുന്നത് സംബന്ധിച്ച് കേരള ഹൈക്കോടതി ചീഫ് ജസ്റ്റിസിന്റെ അഭിപ്രായം സർക്കാരിനെ അറിയിച്ചിട്ടുണ്ടോ; എങ്കിൽ അത് വെളിപ്പെടുത്തുമോ; | ഉണ്ട്. 04/12-/2007-ൽ ബഹു.കേരള ഹൈക്കോടതി ചീഫ് ജസ്റ്റിസ് ബഹു.മുഖ്യമന്ത്രിക്ക് അയച്ച കത്തിൽ സർക്കാരിന്റെ ആവശ്യം നിരാകരിച്ചതായി അറിയിച്ചിട്ടുണ്ട്. |
| (സി) കേന്ദ്ര സർക്കാരിന്റെ പ്രത്യേക അധികാരം ഉപയോഗിച്ച് രാജ്യത്തിന്റെ മറ്റ് ഭാഗങ്ങളിൽ ഹൈക്കോടതി ബെഞ്ച് അനുവദിച്ചതുപോലെ സംസ്ഥാന തലസ്ഥാനത്ത് ഹൈക്കോടതി ബെഞ്ച് സ്ഥാപിക്കുന്നതിനായി കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുമോ ? | സമ്മർദ്ദം ചെലുത്തുന്നതാണ് |

ഉത്തരവിൻ പ്രകാരം

K. S...

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം : 15 — 25.02.2008-ൽ മറുപടിക്ക്.

## ബോർഡർ സെക്യൂരിറ്റിഫോഴ്സിന് അനുബന്ധ കേന്ദ്രം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.പി.അനിൽകുമാർ | ശ്രീ. വി.എസ്.അച്യുതാനന്ദൻ (മുഖ്യമന്ത്രി) |
| (എ) ബോർഡർ സെക്യൂരിറ്റി ഫോഴ്സിന്റെ ഒരു അനുബന്ധ കേന്ദ്രം സംസ്ഥാനത്ത് സ്ഥാപിക്കുവാൻ ബി.എസ്.എഫ്. തയ്യാറായിരുന്നോ ; ഇക്കാര്യം സംബന്ധിച്ച് ഐ.ജി. തലത്തിലുള്ള ബി.എസ്.എഫ്. അധികൃതർ 2007 ജൂണിൽ മുഖ്യമന്ത്രിയെ സന്ദർശിച്ചിരുന്നോ ; | : (എ) ബോർഡർ സെക്യൂരിറ്റി ഫോഴ്സിന്റെ ഒരു അനുബന്ധ കേന്ദ്രം സംസ്ഥാനത്ത് സ്ഥാപിക്കുന്നിനുള്ള ഒരു നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ട്. |
| (ബി) സൈനികരുടെ കുടുംബങ്ങൾക്ക് സ്കൂൾ, ആശുപത്രി, പ്രത്യേക താമസ സൗകര്യം മുതലായവ സജ്ജീകരിക്കുന്ന കേന്ദ്രമാണോ സംസ്ഥാനത്ത് | : (ബി) നിർദ്ദിഷ്ട ബി.എസ്.എഫ്. കേന്ദ്രത്തിന് സ്ഥലം അനുവദിക്കുന്നത് സംബന്ധിച്ച് 13.12.2007-ലെ ബി.എസ്.എഫ്. ഡയറക്ടർ ജനറലിന്റെ കത്തിൽ ബി.എസ്.എഫ്. ജവാന്മാർക്കും |

(Ctnd.........2/-)

ബി.എസ്.എഫ്. സ്ഥാപിക്കുവാൻ ഉദ്ദേശിച്ചിരുന്നത് ;

അവരുടെ കുടുംബാംഗങ്ങൾക്കും, ജവാന്മാരുടെ വിധവകൾക്കും സൗകര്യപ്രദമാകത്തക്ക വിധത്തിൽ തൃശൂർ ജില്ലയിൽ സ്ഥലം അനുവദിക്കുവാൻ ആവശ്യപ്പെട്ടിരുന്നു. സ്കൂൾ, ആശുപത്രി, പ്രത്യേക താമസ സൗകര്യം മുതലായവ സജ്ജീകരിക്കുന്നത് സംബന്ധിച്ച് വിശദാംശമൊന്നും ബി.എസ്.എഫ്. അധികൃതരിൽ നിന്നും ലഭിച്ചിട്ടില്ല.

(സി) എറണാകുളം ജില്ലയിലെ പറവൂരിൽ 30 ഏക്കർ തരിശായി കിടക്കുന്ന ഭൂമി ബി.എസ്.എഫിന് അക്വയർ ചെയ്തു കൊടുക്കണമെന്ന് അവർ ആവശ്യപ്പെട്ടിരുന്നോ ;

: (സി) കേരളത്തിന്റെ മധ്യഭാഗത്ത് അനുയോജ്യമായ സ്ഥലമാണ് ഇപ്പോൾ ആവശ്യപ്പെട്ടിരിക്കുന്നത്.

(ഡി) എങ്കിൽ അതിനുവേണ്ടി എന്ത് നടപടിയെടുത്തുവെന്നും ഈ കേന്ദ്രം സംസ്ഥാനത്തിന് നഷ്ടപ്പെടുവാൻ സാധ്യതയുണ്ടോയെന്നും വ്യക്തമാക്കുമോ ?

: (ഡി) ബി.എസ്.എഫിന് സ്ഥലം ലഭ്യമാക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 16. 25/2/2008 ൽ മറുപടിയ്ക്ക്

# ഐ.ടി.വികസനത്തിന് പുതിയ പദ്ധതികൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.എം.വി.ശ്രേയാംസ് കുമാർ<br>ശ്രീ.ജോസ് തെറ്റയിൽ<br>ശ്രീ.എം.കെ.പ്രേംനാഥ് | ശ്രീ.വി.എസ്.അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| (എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഐ.ടി.വികസനവുമായി ബന്ധപ്പെട്ട് എത്ര പുതിയ പദ്ധതികളാണ് പ്രവർത്തനം ആരംഭിച്ചത്; | (എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഐ.ടി വികസനവുമായി ബന്ധപ്പെട്ട് പ്രധാനമായും ആരംഭിച്ചത് ഇൻഫോപാർക്ക് ആണ്. കൂടാതെ ടെക്നോപാർക്കിന്റെ രണ്ടും മൂന്നും ഘട്ട വികസനത്തിനായി യഥാക്രമം 86 ഏക്കർ ഭൂമിയും 100 ഏക്കർ ഭൂമിയും ഏറ്റെടുക്കുന്നതിനുള്ള പദ്ധതികൾ ആരംഭിച്ചിരുന്നു. ടെക്നോസിറ്റിക്കുവേണ്ടി 507 ഏക്കർ ഭൂമി ഏറ്റെടുക്കാൻ ഭരണാനുമതി നൽകിയിരുന്നു. |
| (ബി)ഈ സർക്കാർ അധികാരമേറ്റ ശേഷം ഐ.ടി വികസനത്തിനായി എത്ര പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളത്; | (ബി) ഈ സർക്കാർ അധികാരം ഏറ്റെടുത്തതിനുശേഷം ഐ.ടി വികസനത്തിനായി കൊച്ചിയിൽ സ്മാർട്ട്സിറ്റി പദ്ധതി സ്ഥാപിക്കുന്നതിനുള്ള കരാറിൽ ഏർപ്പെട്ടു. ഇതിലേക്കുള്ള നടപടികൾ പുരോഗതിയിലാണ്. ടെക്നോപാർക്കിന്റെ രണ്ടും മൂന്നും ഘട്ടവികസനപ്രവർത്തനങ്ങൾ തുടരുകയും നാലാംഘട്ട വികസനപ്രവർത്തനമായ ടെക്നോസിറ്റിയുടെ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. 8.5 ലക്ഷം ചതുരശ്ര അടി ബിൽറ്റ്അപ് ഏരിയയുള്ള തേജസ്വിനി എന്ന കെട്ടിടം പണി പൂർത്തിയാക്കി കമ്പനികൾ പ്രവർത്തനം ആരംഭിച്ചുണ്ട്. ഐ.ടി.രംഗത്തെ അടി |

സ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിന് കെ.എസ്.ഐ.ടി.ഐ. എന്ന കമ്പനി രൂപീകരിച്ചിട്ടുണ്ട്. ജില്ലകളിൽ ഐ.ടി.പാർക്കുകൾ ആരംഭിക്കുവാൻ നടപടികൾ സ്വീകരിച്ചുവരുന്നു. ഇൻഫോപാർക്കിൽ 15 ലക്ഷം ചതുരശ്രഅടി കെട്ടിടം കൂടി പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ 5.5 ലക്ഷം ചതുരശ്രഅടിയുടെ കെട്ടിടം കൂടിപണിയുവാൻ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(സി) ഈ സർക്കാർ ആരംഭിച്ച പുതിയ പദ്ധതികളിലൂടെഉണ്ടാകുന്ന നിക്ഷേപം, തൊഴിലവസരങ്ങൾ എന്നിവ എത്രയെന്ന് വ്യക്തമാക്കുമോ?

(സി) സ്മാർട്ട്സിറ്റി പദ്ധതിയിലൂടെ 1700 കോടി രൂപയുടെ നിക്ഷേപവും 90,000 തൊഴിലവസരങ്ങളും ഉണ്ടാകുമെന്നാണ് കരുതുന്നത്. വിവിധ പദ്ധതികളിലൂടെ അടുത്ത അഞ്ചുവർഷത്തിനകം 2 ലക്ഷം പേർക്ക് തൊഴിൽ ലഭിക്കുമെന്നാണ് കരുതുന്നത്.

സെക്ഷൻ ആഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ - 17 — 25-2-2008 ൽ മറുപടിക്ക്

## വിദേശ മലയാളികൾക്കുള്ള ക്ഷേമ പദ്ധതികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. സി.എഫ്. തോമസ്<br>പ്രൊഫ. എൻ. ജയരാജ്<br>ശ്രീ. തോമസ് ഉണ്ണിയാടൻ | ശ്രീ. വി.എസ് അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| വിദേശ മലയാളികൾക്കുവേണ്ടി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന ക്ഷേമപദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ? | വിദേശത്തു ജോലി ചെയ്യുന്ന കേരളീയർക്കായി ഒരു ക്ഷേമനിധി നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. ഇതുസംബന്ധിച്ച കരട് ബിൽ പരിശോധനയിലാണ്. കൂടാതെ പ്രവാസി കേരളീയർക്കായി തിരിച്ചറിയൽ കാർഡ് വിതരണം ചെയ്യുന്നതിനും തീരുമാനിച്ചിട്ടുണ്ട്. |

## പന്ത്രണ്ടാം കേരള നിയമസഭ - ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: *18 — 25/2/2008 ൽ മറുപടിയ്ക്ക്

## അടുത്തവർഷത്തെ സാമ്പത്തിക വളർച്ചയും തൊഴിൽ ലഭ്യതയും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എൻ.ശക്തൻ<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ.കെ.ബാബു | ശ്രീ.വി.എസ്.അച്യുതാനന്ദൻ (മുഖ്യമന്ത്രി) |

(എ) അടുത്ത വർഷത്തെ പദ്ധതിയിൽ എത്ര ശതമാനം സാമ്പത്തികവളർച്ചയാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്നും, അതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്നും എത്ര പേർക്ക് പുതുതായി തൊഴിൽ കൊടുക്കുവാനാണ് ഉദ്ദേശിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ;

(ബി) അതിൽ തൊഴിലില്ലായ്മ കുറയ്ക്കുന്നതിന് എന്തെല്ലാം മാർഗ്ഗങ്ങളാണ് സ്വീകരിയ്ക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

(എ) & (ബി) ശരാശരി വാർഷിക വളർച്ചാനിരക്ക് 8 ശതമാനമായിരിക്കുമെന്ന അനുമാനത്തിലാണ് സംസ്ഥാനത്തിന്റെ 11-ാം പഞ്ചവത്സര പദ്ധതിയുടെ കരടുരേഖ തയ്യാറാക്കപ്പെട്ടിട്ടുള്ളത്. ഓരോ വർഷവും നേടാൻ കഴിയുമെന്ന് അനുമാനിച്ചിട്ടുള്ള വളർച്ചാനിരക്ക് ഒരു പ്രതീക്ഷിത നിരക്കാണ് മറിച്ച് ലക്ഷ്യമല്ല. സംസ്ഥാനതലത്തിൽ കൃത്യമായ ഒരു വളർച്ചാനിരക്ക് ലക്ഷ്യമിടുന്നത് ഇനി പറയുന്ന കാരണങ്ങൾകൊണ്ട് അപ്രായോഗികമാണ്. ഒന്നാമതായി പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ള അടങ്കൽ തുക പൊതുമേഖലയുടെ നിക്ഷേപം മാത്രമാണ്. എന്നാൽ സംസ്ഥാനത്തുണ്ടാകുന്ന മൊത്തം നിക്ഷേപത്തിൽ ഒരു ഗണ്യമായ ഭാഗം സ്വകാര്യമേഖലയുടേതായിരിക്കും, ഇത് മുൻകൂട്ടി നിർണ്ണയിക്കുന്നതിനോ നിയന്ത്രിക്കുന്നതിനോ സംസ്ഥാന സർക്കാരിന് സംവിധാനമില്ല. രണ്ടാമതായി, ചോദന പ്രതിസന്ധി ഉള്ളപ്പോൾ ഒരു നിശ്ചിത നിക്ഷേപ-ഉൽപന്ന അനുമാനത്തിന്റെ അടിസ്ഥാനത്തിൽ കണക്കാക്കുന്ന വളർച്ചാനിരക്ക് ഒട്ടും തന്നെ യുക്തിസഹമല്ല. മൂന്നാമതായി ഒരു സംസ്ഥാനത്തുനിന്ന് മറ്റൊരു സംസ്ഥാനത്തേയ്ക്ക് ചോദന മാറ്റം (Demand shift) ഉണ്ടാകുന്നതുകൊണ്ടും വളർച്ചാനിരക്ക് ലക്ഷ്യം വയ്ക്കുന്നത് ഒട്ടും അർത്ഥവത്തല്ലാത്തതാകും.

വരുന്ന വർഷത്തിൽ എത്രപേർക്ക് തൊഴിൽ നൽകാനാകും എന്നതിന്റെ കൃത്യമായ കണക്ക് മേൽ സൂചിപ്പിച്ച കാരണങ്ങളാൽ അർത്ഥശൂന്യമാണ്.

ദേശീയ സമ്പദ്വ്യവസ്ഥയെപ്പോലും മൊത്തത്തിൽ ബാധിക്കുന്ന "തൊഴിൽ രഹിത വളർച്ചയുടെ പ്രശ്ന" (Jobless growth syndrome) ത്തിൽ നിന്നുള്ള മോചനത്തെക്കുറിച്ച് സർക്കാർ വളരെ ജാഗരൂകമാണ്. തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുവേണ്ടി സംസ്ഥാനസർക്കാർ ഒരു ത്രിമുഖ തന്ത്രം (three pronged strategy) ആവിഷ്കരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ഏറെ സാധ്യതയുള്ള വിവരസാങ്കേതിക വിദ്യ, ജൈവസാങ്കേതിക വിദ്യ, വിനോദസഞ്ചാരം എന്നിങ്ങനെയുള്ള "sunrise activities" എന്ന് വിശേഷിപ്പിക്കുന്ന ആധുനിക മേഖലകൾക്ക്, വരുന്ന വാർഷികപദ്ധതിയിൽ മുൻതൂക്കം കൊടുത്തിട്ടുണ്ട്. രണ്ടാമതായി, നിലവിൽ രൂക്ഷമായ പ്രതിസന്ധി നേരിടുന്ന ചെറുകിട പരമ്പരാഗത മേഖലകളെ പരിപോഷിപ്പിച്ചും സംരക്ഷിച്ചും അവയെ പൂർവ്വസ്ഥിതിയിൽ എത്തിക്കുന്നതിനും ഊന്നൽ നൽകുന്നു. 2008-09 വാർഷികപദ്ധതിയിൽ ഈ മേഖലകൾക്ക് പദ്ധതി വിഹിതത്തിൽ വമ്പിച്ച വർദ്ധനവ് നിർദ്ദേശിച്ചിട്ടുണ്ട്. മൂന്നാമതായി ഏറ്റവും കൂടുതൽ തൊഴിൽ അധിഷ്ഠിതമായ ഭക്ഷ്യവിളകളുടെ ഉൽപാദനം, പ്രത്യേകിച്ച് നെൽകൃഷിയ്ക്ക് കൂടുതൽ പരിഗണന നൽകുന്നുണ്ട്. കൂടാതെ സഹകരണ അടിസ്ഥാനത്തിൽ, വിവിധ കാർഷിക ഉൽപന്നങ്ങളും മറ്റു പ്രാഥമിക ഉൽപന്നങ്ങളും ഭാഗികമായി നിർമ്മിച്ച ഉൽപന്നങ്ങളും മൂല്യവർദ്ധിത വസ്തുക്കളാക്കുന്നതിനും ഉദ്ദേശിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഏഴാംസമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 19 25-02-2008 ൽ മറുപടിയ്ക്ക്.

## കണ്ണൂർ വിമാനത്താവളം

| ചോദ്യം: | ഉത്തരം |
|---|---|
| ശ്രീ.ജോർജ്ജ്.എം.തോമസ് :<br>ശ്രീ.പി.ജയരാജൻ:<br>ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ :<br>ശ്രീ.കെ.സി.കുഞ്ഞിരാമൻ :<br>ശ്രീമതി.കെ.കെ.ലതിക : | ശ്രീ. വി.എസ്.അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| (എ). കണ്ണൂർ വിമാനത്താവളം സ്ഥാപിക്കുന്നതിന് കേന്ദ്ര സർക്കാർ അംഗീകാരം നൽകിയിട്ടുണ്ടോ; | (എ). കണ്ണൂർ വിമാനത്താവളത്തിന്റെ നിർമ്മാണത്തിന് കേന്ദ്ര സർക്കാരിന്റെ തത്വാധിഷ്ഠിത അംഗീകാരം ലഭിച്ചിട്ടുണ്ട്. |
| (ബി). വിമാനത്താവളം സ്ഥാപിക്കുന്നതിന് സംസ്ഥാന സർക്കാർ കൈക്കൊള്ളേണ്ട നടപടികൾ എന്തെല്ലാമാണ് ;<br><br>(സി). വിമാനത്താവളത്തിന് എത്ര ഏക്കർ സ്ഥലം ഏറ്റെടുക്കേണ്ടതുണ്ട് ; | (ബി). യും (സി) യും<br>കണ്ണൂർ വിമാനത്താവളത്തിന് വേണ്ടി സർക്കാരിന്റെ ഉത്തരവ് G.O(Ms).21/07/ഗതാഗതം , dated 20..04..2007 പ്രകാരം 2000 ഏക്കർ ഭൂമി ഫാസ്റ്റ് ട്രാക്ക് പ്രോജക്ടിൽ ഉൾപ്പെടുത്തി പൊന്നും വില നടപടികൾ വഴി ഏറ്റെടുക്കുന്നതിനും കിൻഫ്രയെ പദ്ധതിയുടെ ഏകോപന പ്രവർത്തനങ്ങൾക്ക് ചുമതലപ്പെടുത്തിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത 2000 ഏക്കറിൽപ്പെട്ട 192 ഏക്കർ 2001-02 കാലഘട്ടത്തിൽ കണ്ണൂർ വിമാനത്താവളത്തിന് വേണ്ടി ഏറ്റെടുത്തിട്ടുണ്ട്. 10..08..2007-ൽ പുറപ്പെടുവിച്ച 4(1) വിജ്ഞാപനം പ്രകാരം 1092 ഏക്കർ ഭൂമി അക്വയർ ചെയ്യാൻ വേണ്ടി കണ്ണൂർ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ നടപടികൾ പുരോഗമിച്ചു വരികയാണ്. ഇതിനായി മൂന്ന് സ്പെഷ്യൽ ലാന്റ് അക്വിസിഷൻ യൂണിറ്റുകൾ മട്ടന്നൂർ കേന്ദ്രമാക്കി പ്രവർത്തിക്കുന്നുണ്ട്. ഈ സ്പെഷ്യൽ എൽ.എ യൂണിറ്റുകളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനായി കണ്ണൂർ കളക്ട്രേറ്റിൽ ഒരു ഡെപ്യൂട്ടി കളക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.<br>സർക്കാരിന്റെ G.O(Ms).07/08/ഗതാഗതം, dated 01..02..2008 ഉത്തരവ് പ്രകാരം വിമാനത്താവള |

നിർമ്മാണത്തിനായി 2000 ഏക്കർ ഭൂമിയും കെ.എസ്.ഇ.ബി സബ്സ്റ്റേഷനായി 50 ഏക്കർ സ്ഥലവും പുനരധിവാസത്തിനായി 150 ഏക്കർ സ്ഥലവും ഉൾപ്പെടെ 2200 ഏക്കർ ഭൂമി ഫാസ്റ്റ് ട്രാക്ക് പദ്ധതിയിൽ ഉൾപ്പെടുത്തി പൊന്നും വില നടപടികൾ പ്രകാരം ഏറ്റെടുക്കാൻ വേണ്ടി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇപ്രകാരം ഇതുമായി ബന്ധപ്പെട്ട ബാക്കി 916 ഏക്കർ ഭൂമി സ്ഥലവാസികൾക്ക് ബുദ്ധിമുട്ടുണ്ടാകാത്ത രീതിയിൽ കണ്ടെത്തുന്നതിനുള്ള നടപടികൾ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ധ്രുതഗതിയിൽ പുരോഗമിച്ചു വരുന്നു. മേൽപടി ഭൂമി കണ്ടെത്തുന്ന മുറയ്ക്ക് അതിന്റെ അക്വിസിഷൻ നടപടികളും ആരംഭിക്കുന്നതാണ്. കണ്ണൂർ വിമാനത്താവള നിർമ്മാണം പബ്ളിക്/പ്രൈവറ്റ് പാർട്ട്നർഷിപ്പ് മോഡലിലാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. ഇപ്രകാരം സംസ്ഥാന സർക്കാരിന്റെ പങ്കാളിത്തം 26% വും ബാക്കി 74% സ്വകാര്യ പങ്കാളിയിൽ നിന്നും ആയിരിക്കും.

| | |
|---|---|
| (ഡി). പദ്ധതിയിൽ പങ്കാളികളാകാൻ ഏതെല്ലാം സ്വകാര്യകമ്പനികൾ മുന്നോട്ടുവന്നിട്ടുണ്ട് ; | (ഡി).കണ്ണൂർ വിമാനത്താവള പദ്ധതി നടത്തിപ്പിന് സ്വകാര്യ പങ്കാളിയെ തെരഞ്ഞെടുക്കുന്നത് സുതാര്യമായ നടപടി ക്രമങ്ങളിലൂടെയായിരിക്കും. ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. |
| (ഇ). വിമാനത്താവളത്തിന്റെ പണി എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് ? | (ഇ). കണ്ണൂർ വിമാനത്താവളവുമായി ബന്ധപ്പെട്ട് കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന് സമർപ്പിച്ച സാമ്പത്തിക സാധ്യതാ പഠന റിപ്പോർട്ട് പ്രകാരം പ്രസ്തുത പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത് ഘട്ടം-ഘട്ടമായി നടപ്പിലാക്കാനാണ്. ഇതിന്റെ ആദ്യഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ ഭൂമി ഏറ്റെടുത്തതിന് ശേഷം മൂന്ന് വർഷത്തിനുള്ളിൽ പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 20. 25/2/2008 ൽ മറുപടിക്ക്

## സ്മാർട്ട് സിറ്റിക്കായി സ്വീകരിച്ച നടപടികൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.സി.എം.ദിനേശ് മണി<br>ശ്രീ.സാജുപോൾ<br>ശ്രീ.വി.ചെന്താമരാക്ഷൻ<br>ശ്രീ.എം.ജെ.ജേക്കബ്<br>ശ്രീ.എം.എം.മോനായി | ശ്രീ.വി.എസ്.അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| (എ) കൊച്ചിയിൽ സ്മാർട്ട്സിറ്റി സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ഇതിനകം സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; | (എ) സ്മാർട്ട്സിറ്റി സ്ഥാപിക്കുന്നതിനായി 13-5-2007-ൽ ടീകോമുമായി കരാറിൽ ഒപ്പിടുകയും തുടർന്ന് 15-11-2007 ൽ ഈ പദ്ധതിക്കുവേണ്ടി 234.5375 ഏക്കർ സ്ഥലം 99 വർഷത്തെ പാട്ടത്തിന് കൈമാറുകയും ചെയ്തിട്ടുണ്ട്. 16-11 2007ൽ പദ്ധതിക്ക് തറക്കല്ലിടുകയുമുണ്ടായി. |
| (ബി) സ്മാർട്ട്സിറ്റിക്കുവേണ്ടി സംസ്ഥാന സർക്കാർ എന്തെല്ലാം കാര്യങ്ങളാണ് ചെയ്തിട്ടുള്ളത്; കരാർപ്രകാരം ഇനി എന്തെല്ലാം കാര്യങ്ങളാണ് ചെയ്യാനുള്ളത്; | (ബി) പദ്ധതിക്കുവേണ്ടി പാട്ടത്തിന് സ്ഥലം കൈമാറിയതിനുപുറമെ ഇതിലേക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങളായ റോഡ്, വൈദ്യുതി, ജലം എന്നിവ നൽകുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. പ്രത്യേക സാമ്പത്തികമേഖലയ്ക്കുള്ള അപേക്ഷ ശുപാർശചെയ്ത് കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. കരാർപ്രകാരം ഇനി 11.4625 ഏക്കർ സ്ഥലം കൂടി നൽകേണ്ടതുണ്ട്. അതിലേക്കുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

(സി) പ്രോജക്റ്റിന്റെ മാസ്റ്റർ പ്ലാൻ അംഗീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; പദ്ധതി എന്നത്തേക്ക് പ്രവർത്തനം ആരംഭിക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്;

(സി)സ്മാർട്ട്സിറ്റി പദ്ധതി നടപ്പിലാക്കുന്നത് സ്മാർട്ട്സിറ്റി (കൊച്ചി) ഇൻഫ്രാസ്ട്രക്ചർ പ്രൈവറ്റ് ലിമിറ്റഡ് കമ്പനി ആയതുകൊണ്ട് മാസ്റ്റർ പ്ലാനിന് സർക്കാർ അംഗീകാരം നൽകേണ്ടതില്ല. പദ്ധതി നടപ്പാക്കൽ കരാർപ്രകാരമാണോയെന്ന് മോണിറ്റർ ചെയ്ത് ഉറപ്പാക്കുകയാണ് സർക്കാർ ചെയ്യേണ്ടത്.. നിർമ്മാണപ്രവർത്തനങ്ങൾ ഈ വർഷംതന്നെ ആരംഭിക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(ഡി) പദ്ധതി പൂർത്തിയാകുന്നതോടുകൂടി എത്രപേർക്ക് തൊഴിൽ ലഭിക്കുമെന്നാണ് കണക്കാക്കിയിട്ടുള്ളത്?

(ഡി) കരാർ പ്രകാരം 90,000 പേർക്ക് തൊഴിൽ ലഭിക്കും.

സെക്ഷൻ ആഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 21 — 25/02/2008 - ൽ മറുപടിക്ക്

## ആവശ്യ സാധന നിയന്ത്രണ നിയമം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എൻ. രാജൻ :<br>ശ്രീ. മാങ്കോട് രാധാകൃഷ്ണൻ:<br>ശ്രീ. കെ. രാജു:<br>ശ്രീ. പള്ളിപ്രം ബാലൻ: | ശ്രീ. സി. ദിവാകരൻ<br>(ഭക്ഷ്യവും, സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി) |
| എ) കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും കാര്യക്ഷമമായി തടയുന്നതിന് പര്യാപ്തമായ നിലയിൽ സംസ്ഥാനത്തിന് തനതായ നിയമ നിർമ്മാണം നടത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ അതിനുള്ള നടപടികൾ ഏതുവരെയായി എന്ന് വെളിപ്പെടുത്തുമോ ; | (എ) ഉണ്ട്. സംസ്ഥാനത്ത് കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും തടയുന്നതിന് അവശ്യ സാധന നിയന്ത്രണ നിയമം ഭേദഗതി ചെയ്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. പ്രസ്തുത നിയമത്തിൽ ഭേദഗതി വരുത്തുന്നതിന് കേന്ദ്ര സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമായതിനാൽ ആയതിനുവേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. |
| ബി) നിലവിലുള്ള ആവശ്യ സാധന നിയന്ത്രണ നിയമത്തിൽ കേന്ദ്ര ഗവൺമെന്റ് 2002 - ൽ മാറ്റങ്ങൾ വരുത്തിയിട്ടുണ്ടോ ; എങ്കിൽ ആ മാറ്റങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ; | (ബി) മാറ്റം വരുത്തിയിട്ടുണ്ട്. അവശ്യ സാധന നിയന്ത്രണ നിയമത്തിൽ കേന്ദ്ര ഗവൺമെന്റ് 2002 - ൽ മാറ്റം വരുത്തിയതനുസരിച്ച് അവശ്യ സാധനങ്ങൾ കൈകാര്യം ചെയ്യുന്നതിനും സൂക്ഷിക്കുന്നതിനും ഉണ്ടായിരുന്ന ലൈസൻസുകളും നിയന്ത്രണവും അസ്ഥിരമാക്കി. |
| സി) ഈ മാറ്റങ്ങൾ സംസ്ഥാനത്തെ ദോഷകരമായി ബാധിച്ചിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതു മൂലമുണ്ടായ ദോഷങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ ? | സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പൊതു വിപണിയിലെ ലൈസൻസിംഗ് സമ്പ്രദായം നിർത്തലാക്കിയതു മൂലം അവശ്യ സാധനങ്ങൾ യഥേഷ്ടം സൂക്ഷിക്കാനും കൈകാര്യം ചെയ്യാനും കുത്തകകൾ ഉൾപ്പെടെയുള്ള വ്യവസായികൾക്കു കഴിയുന്നു. ഇതു മൂലം വ്യാപാരികൾക്ക് അമിത സ്റ്റോക്ക് സൂക്ഷിക്കുന്നതിനും സാധിക്കുന്നു. മാത്രമല്ല രാജ്യത്ത് ഭക്ഷ്യ സുരക്ഷ തന്നെ താറുമാറാക്കി കൃത്രിമ ക്ഷാമം ഉണ്ടാക്കുന്നതിനും ഇത് ഇടയാക്കിയിട്ടുണ്ട്. ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നതിനും |

വില നിയന്ത്രണത്തിലും ഫ്രീ എക്സ്പോർട്ട്, കരിഞ്ചന്ത, പൂഴ്ത്തിവയ്പ്പ്, ഫ്രീ ട്രേഡ് എന്നിവ അനുവദിക്കുക വഴി കേന്ദ്ര സർക്കാർ ഒരു നിസ്സഹായ അവസ്ഥയിലേക്ക് മാറിയിരിക്കുകയാണ്. എന്നാൽ ഉദ്യോഗസ്ഥർക്ക് റെയ്ഡുകൾ നടത്തി സ്റ്റോക്ക് പിടിച്ചെടുക്കാനും ശിക്ഷാനടപടികൾ സ്വീകരിക്കാനും കഴിയാതെ വരുന്നു. കൂടാതെ ലൈസൻസ് സമ്പ്രദായം ഇല്ലാതായതോടെ റവന്യൂ ഇനത്തിൽ വരുമാനം നഷ്ടപ്പെട്ടിട്ടുമുണ്ട്.

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരളനിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 22

25.2.2008 ൽ മറുപടിക്ക്

## ഹൈടെക്ക് ഡയറി ഫാമുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി. സുരേന്ദ്രൻ പിള്ള. എം.എൽ.എ. | ശ്രീ.സി.ദിവാകരൻ (ഭക്ഷ്യവും സിവിൽ സപ്ളൈസും മൃഗ സംരക്ഷണവും വകുപ്പ് മന്ത്രി). |
| (എ) പാൽ ഗുണനിലവാരത്തിന് ഏകീകൃത മാനദണ്ഡം ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്താമോ; | (എ) ഭാരത സർക്കാരിന്റെ മായം ചേർക്കൽ നിരോധന നിയമത്തിന്റെ അടിസ്ഥാനത്തിൽ, സംസ്ഥാനത്ത് പാൽ ഗുണനിലവാര നിർണ്ണയം നടത്തുന്നതിന് ഏകീകൃത മാനദണ്ഡം ഇപ്പോൾ നിലവിലുണ്ട്. |
| (ബി) ഇതര കർഷകർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങളും സബ്സിഡിയും ക്ഷീര കർഷകർക്കും ലഭ്യമാക്കുന്നതിനാവശ്യമായ നടപടിൾ സ്വീകരിക്കുമോ; | (ബി) ചില ആനുകൂല്യങ്ങൾ സർക്കാർ പരിഗണനയിലാണ്. |
| (സി) അയൽ സംസ്ഥാനങ്ങൾ ക്ഷീരോത്പാദന രംഗത്ത് കൈവരിച്ച നേട്ടങ്ങളും സാങ്കേതിക വിദ്യയും സംസ്ഥാനത്ത് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അവയെക്കുറിച്ച് വിശദമാക്കുമോ? | (സി) കേരളത്തിലും അയൽ സംസ്ഥാനങ്ങളിലും വ്യത്യസ്തങ്ങളായ സാഹചര്യങ്ങളാണ് നിലനിൽക്കുന്നത്. അതുകൊണ്ട് അയൽ സംസ്ഥാനങ്ങൾ കൈവരിച്ച നേട്ടങ്ങളും സാങ്കേതിക വിദ്യയും അതേപോലെ കേരളത്തിൽ നടപ്പിലാക്കുവാൻ ബുദ്ധിമുട്ടാണ്. എന്നാൽ കറവപ്പശുക്കളുടെ ഉല്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള സാങ്കേതിക വിദ്യ പാൽ സംഭരണം വർദ്ധിപ്പിക്കുന്നതിനും ഗുണനിലവാരം ഉയർത്തുന്നതിനും, |

ഉല്പാദനചെലവ് കുറയ്ക്കുന്നതിനും അയൽ സംസ്ഥാനങ്ങൾ സ്വീകരിച്ച നട പടി പഠിച്ച് കേരളത്തിന് അനുയോ ജ്യമായവ നടപ്പിലാക്കുന്നതാണ്.

(ഡി) ഹൈടെക് ഡയറി ഫാമുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അത്തരം ഫാമുകളുടെ പ്രവർത്തനരീതിയെക്കുറിച്ച് വിശദീകരിക്കുമോ ?

(ഡി) ഉണ്ട്. പശുക്കളുടെ തൊഴുത്ത്, അവയ്ക്ക് തീറ്റയും വെള്ളവും കൊടുക്കുന്ന സമ്പ്രദായങ്ങൾ കറവ മാലിന്യങ്ങൾ നീക്കം ചെയ്യു സംസ്കരിക്കൽ, പാൽ സംഭരണം എന്നിവയിലെല്ലാം അത്യാധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിച്ചായിരിക്കും ഹൈടെക് ഡയറി ഫാമുകൾ ആരംഭിക്കുന്നത്. ഓരോ പശുവിനും, അവയുടെ ശരീരഭാരത്തിനും പാലുല്പാദനത്തിനും അനുസൃതമായി ഓരോനേരവും എത്ര കാലിത്തീറ്റ വേണമെന്ന് കംപ്യൂട്ടർ നിയന്ത്രിത യന്ത്രങ്ങളുടെ സഹായത്തോടെ തീരുമാനിച്ച് നൽകുന്നതാണ് ഹൈടെക് ഡയറിഫാമുകളുടെ ഏറ്റവും പ്രധാന സവിശേഷം. കറവ യന്ത്രങ്ങളുടെ സഹായത്തോടെ കറക്കുന്ന പാലിൽ അന്തരീക്ഷത്തിൽ നിന്നുള്ള മാലിന്യങ്ങളൊന്നും കടക്കാതെ നേരെ മിൽക്ക് ചില്ലിംഗ് യൂണിറ്റിലെത്തിക്കുന്നതു് കാരണം പാലിന്റെ ഗുണമേന്മയും വർദ്ധിക്കുന്നു.

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

### ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 23 25.2.2008 - ൽ മറുപടിയ്ക്ക്

**പബ്ളിക് സർവ്വീസ് കമ്മീഷന്റെ കാര്യക്ഷമത**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. പി. അയിഷാ പോറ്റി<br>ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി<br>ശ്രീ. മുരളി പെരുനെല്ലി<br>ശ്രീ. എം. കെ. പുരുഷോത്തമൻ<br>ശ്രീ. പി.ടി.എ. റഹീം | വി.എസ്. അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| (എ) പബ്ളിക് സർവ്വീസ് കമ്മീഷന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ; | (എ) വിവരണാത്മക പരീക്ഷകൾക്ക് പകരം ഒബ്ജക്റ്റീവ് ടൈപ്പ് പരീക്ഷകൾ കൂടുതൽ നടത്തിയും തെരഞ്ഞെടുപ്പ് പ്രക്രിയ അതിവേഗം പൂർത്തിയാക്കാൻ ഉത്തരക്കടലാസുക ളുടെ മൂല്യനിർണ്ണയം OMR സംവിധാനത്തിലാക്കിയും നിയമനനടപടികളിൽ സുതാര്യതയും കൃത്യതയും വേഗതയും ഉറപ്പു വരുത്തിയിട്ടുണ്ട്. ഓൺലൈൻ സമ്പ്രദായത്തിലൂടെ അപേക്ഷ സ്വീകരിക്കുന്ന രീതി ആവിഷ്കരിച്ച് നടപ്പിലാക്കി. ഇതിന്റെ ഫലമായി റാങ്ക്ലിസ്റ്റ് തയ്യാറാക്കലും നിയമന ശിപാർശയുമെല്ലാം വേഗത്തിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. |
| (ബി) വിവിധ തസ്തികകളിലേയ്ക്ക് ഓൺലൈൻ ആയി അപേക്ഷ സ്വീകരിച്ച് തുടങ്ങിയതിനുശേഷം റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിലെ കാലതാമസം എത്രമാത്രം കുറഞ്ഞിട്ടുണ്ട് ; | (ബി) ഇന്റർവ്യൂ മാത്രമുള്ള പല തസ്തികകളുടേയും റാങ്ക്ലിസ്റ്റുകൾ വിജ്ഞാപനത്തീയതി മുതൽ 6 മാസത്തിനുള്ളിൽ പ്രസിദ്ധീകരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. എഴുത്തു പരീക്ഷ കൂടി ഉൾപ്പെട്ട തസ്തികകളുടെ റാങ്ക്ലിസ്റ്റുകളും 6 മാസത്തിനുള്ളിൽ പ്രസിദ്ധീകരിക്കണെ മെന്നാണ് ഉദ്ദേശിച്ചിരിക്കുന്നതെങ്കിലും തസ്തികകളുടേയും അപേക്ഷകളുടേയും ബാഹുല്യം കാരണം ഇത് പൂർണ്ണമായി നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല. എന്നാൽ മുൻകാലങ്ങളെ അപേക്ഷിച്ച് കാലതാമസം ഗണ്യമായി കുറഞ്ഞിട്ടുണ്ട്. |

(സി) റാങ്ക് ലിസ്റ്റ് നിലവിലില്ലാത്തതു മൂലം ഒഴിവുകൾ നികത്താൻ കഴിയാത്ത അവസ്ഥ നിലവിലുണ്ടോ ; എങ്കിൽ ഏതെല്ലാം തസ്തികകളിലാണു് ഇപ്പോൾ റാങ്ക് ലിസ്റ്റ് ഇല്ലാത്തത് ;

(സി) റാങ്ക് ലിസ്റ്റ് നിലവിൽ ഇല്ലാത്തതു മൂലം ഒഴിവുകൾ നികത്താൻ കഴിയാത്ത അവസ്ഥ നിലവിലുണ്ടെങ്കിലും ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്ക് വിജ്ഞാപനം പുറപ്പെടുവിക്കുകയും തദനുസരണം റാങ്ക് ലിസ്റ്റുകൾ പരമാവധി വേഗത്തിൽ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നുണ്ട്.
റാങ്ക് ലിസ്റ്റ് നിലവിലില്ലാത്ത തസ്തികകളുടെ വിവരങ്ങൾ ശേഖരിച്ചു വരുന്നു

(ഡി) പി.എസ്.സി. പരീക്ഷ കാര്യക്ഷമമായി നടത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ?

(ഡി) പി.എസ്.സി. പരീക്ഷ നടക്കുന്ന എല്ലാ കേന്ദ്രങ്ങളിലും അതാത് ദിവസം പി.എസ്.സി.യിലെ ഒരു ഉദ്യോഗസ്ഥൻ ചോദ്യ പേപ്പർ നേരിട്ടെത്തിക്കുകയും ടി ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ പരീക്ഷ നടത്തുകയും ചെയ്യുന്നു. ടി ഉദ്യോഗസ്ഥന്റെ മേൽ നോട്ടത്തിൽ പരീക്ഷാ സാമഗ്രികൾ പായ്ക്കു ചെയ്യുകയും അന്നു തന്നെ അവ പി.എസ്.സി.യുടെ വാഹനത്തിൽ അതാതു ജില്ലാ/മേഖലാ ആഫീസുകളിൽ എത്തിക്കുകയും ചെയ്യുന്നു. കൂടാതെ ഉയർന്ന ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ മിന്നൽ പരിശോധനയും നടത്തി വരുന്നുണ്ട്. ഇവ മൂലം ചോദ്യ പേപ്പർ ചോർച്ച മറ്റു പരീക്ഷാ ക്രമക്കേടുകൾ ഇവ പൂർണ്ണമായും ഒഴിവാക്കാൻ കഴിഞ്ഞിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 24 — 25/02/2008 - ൽ മറുപടിക്ക്

**അരി വില നിയന്ത്രിക്കുന്നതിന് നടപടികൾ**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം. ചന്ദ്രൻ :<br>ശ്രീ. കെ.കെ. ദിവാകരൻ :<br>ശ്രീ. കെ. കെ. ജയചന്ദ്രൻ :<br>ശ്രീ. സി.എച്ച്. കുഞ്ഞമ്പു :<br>ശ്രീ. കെ. സി. കുഞ്ഞിരാമൻ : | ശ്രീ. സി. ദിവാകരൻ<br>(ഭക്ഷ്യവും, സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി) |
| എ) കേരളത്തിൽ പൊതു വിപണിയിൽ അരി വില വർദ്ധിക്കാനുള്ള കാരണം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ ; | (എ) പരിശോധിച്ചിട്ടുണ്ട്. ആഗോളതലത്തിൽ ഉണ്ടായ വില വർദ്ധനവിന്റെ ഭാഗമായാണ് സംസ്ഥാനത്തും അരി വില വർദ്ധിച്ചിട്ടുള്ളത്. മാത്രമല്ല കേന്ദ്ര സർക്കാർ ഫ്രീട്രേഡ് പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി ഇ.സി. ആക്റ്റ് പ്രകാരമുള്ള എല്ലാ കൺട്രോൾ ഓർഡറുകളും അസാധുവാക്കി. എന്നാൽ കയറ്റുമതി, പൂഴ്ത്തിവയ്പ്പ് എന്നിവയുടെ കാര്യത്തിൽ നിയന്ത്രണം ഒന്നും ഇല്ലാതായതും അരി വില കൂടാൻ സഹായിച്ചു. കൂടാതെ കേന്ദ്ര സർക്കാർ സംസ്ഥാന വിഹിതമായി അനുവദിച്ചിരുന്ന എ.പി.എൽ അരിയുടെ വെട്ടിക്കുറവും അരിവില വർദ്ധിക്കുവാൻ കാരണമായിട്ടുണ്ട്. ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ സംസ്ഥാനത്തിന് പുറത്തു നിന്നുമാണ് ഭക്ഷ്യധാന്യങ്ങൾ പ്രധാനമായും എത്തുന്നത്. മറ്റ് സംസ്ഥാനങ്ങളിൽ നിന്നുള്ള അരിയുടെ വരവ് നിലച്ചതാണ് അരി വില കൂടാൻ പ്രധാന കാരണമായത്. ദേശീയ ഭക്ഷ്യ ഉൽപ്പാദനത്തിലും ശേഖരത്തിലും ഉണ്ടായ ഗണ്യമായ കുറവും മറ്റൊരു പ്രധാന കാരണമാണ്. |
| ബി) അരി വില നിയന്ത്രിക്കുന്നതിനും കുറഞ്ഞ നിരക്കിൽ അരി വിതരണം ചെയ്യുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ; | (ബി) അരി വില നിയന്ത്രിക്കുന്നതിന്റെ ഭാഗമായി കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് അനുവദിക്കുന്ന അരി വിഹിതം കൃത്യമായി കാര്യക്ഷമമായ രീതിയിൽ റേഷൻ കടകളിലൂടെ റേഷൻ വിലയ്ക്ക് വിതരണം ചെയ്തുവരുന്നു. |

| | | | |
|---|---|---|---|
| | | | കൃത്യമായ അളവിലും തൂക്കത്തിലും ഗുണനിലവാരത്തിലും ഉറപ്പുവരുത്തി റേഷൻ വിതരണം മെച്ചപ്പെടുത്തി. കൂടാതെ ഈ സർക്കാർ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തിയതിന്റെ ഫലമായി കേന്ദ്ര സർക്കാർ 20,000 മെ.ടൺ അരി ഫെബ്രുവരി, മാർച്ച് മാസങ്ങളിലേക്കായി കൂടുതലായി അനുവദിച്ച് നൽകിയിട്ടുണ്ട്. ഇത് കൂടാതെ മൂന്ന് രൂപാ നിരക്കിൽ 20 ലക്ഷം ദരിദ്ര കുടുംബങ്ങൾക്ക് അരി നൽകുന്ന പദ്ധതി തുടർന്നു വരുന്നു. പ്രത്യേക അരിക്കടകളിലൂടെയും സപ്ലൈകോ വിൽപന ശാലകളിലൂടെയും കിലോഗ്രാമിന് 13.50 രൂപയ്ക്ക് പച്ചരിയും 14 രൂപയ്ക്ക് പുഴുക്കലരിയും സർക്കാർ സബ്സിഡിയോടു കൂടി നൽകി വരുന്നു. കഴിഞ്ഞ വർഷത്തെ സംഭരണ വിലയെക്കാൾ 50 പൈസ കിലോഗ്രാമിന് കൂട്ടി 9 രൂപ നിരക്കിൽ നെല്ല് സംഭരിച്ച് കുത്തി അരിയാക്കി റേഷൻ കടകൾ വഴി റേഷൻ വിലയ്ക്ക് വിൽപന നടത്തി വരുന്നു. കൂടാതെ സഹകരണ വിപണന പദ്ധതി പ്രകാരവും ന്യായവിലയ്ക്ക് അരിയും സാധനങ്ങളും വിതരണം ചെയ്തു വരുന്നു. ഈ പ്രവർത്തനങ്ങളിലൂടെയും, റെയ്ഡ്, പ്രൈസ് മോണിറ്ററിംഗ് സെൽ, റേഷൻ അദാലത്ത്, ഭക്ഷ്യോപദേശക വിജിലൻസ് സമിതി എന്നിവയിലൂടെയുള്ള നിയന്ത്രണ നടപടികളിലൂടെയും അരി വില ഒരു പരിധി വരെ നിയന്ത്രിച്ചു വരുന്നു. |
| സി) | സംസ്ഥാനത്ത് എ.പി.എൽ. കാർഡുടമകൾക്കുള്ള റേഷൻ അരിയുടെ ക്വോട്ട കേന്ദ്ര സർക്കാർ വെട്ടിക്കുറച്ചിട്ടുണ്ടോ ; എങ്കിൽ ഇതു സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ ; | (സി) | ഉണ്ട്. കേന്ദ്ര സർക്കാർ എ.പി.എൽ പദ്ധതി പ്രകാരം മാർച്ച് 2007 വരെ 1,13,420 മെ.ടൺ അരിയാണ് പ്രതിമാസം അനുവദിച്ച് തന്നിരുന്നത്. എന്നാൽ അത് ഏപ്രിൽ 2007 മുതൽ 21,334 മെ.ടൺ ആയി വെട്ടിക്കുറച്ചു. അതായത് 92,086 മെ.ടൺ (81%) കുറവ്. |
| ഡി) | വെട്ടിക്കുറച്ച റേഷൻ വിഹിതം പുനഃസ്ഥാപിക്കുന്നതിന് കേന്ദ്ര സർക്കാരിനെ പ്രേരിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (ഡി) | കേന്ദ്ര സർക്കാരിന് നിവേദനങ്ങൾ നൽകിയിട്ടുണ്ട്. കൂടാതെ പ്രധാനമന്ത്രിക്കും കേന്ദ്ര ഭക്ഷ്യമന്ത്രിക്കും നേരിട്ട് നിവേദനം നൽകി ചർച്ചകൾ നടത്തി. അയതിന്റെ ഭാഗമായി ഫെബ്രുവരി, മാർച്ച് മാസങ്ങളിലേക്കായി 20,000 മെ.ടൺ അരി കേന്ദ്ര സർക്കാർ കൂടുതലായി അനുവദിച്ച് തന്നിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 25 — 25.02.2008-ൽ മറുപടിയ്ക്ക്

## കേന്ദ്ര സർക്കാരിൻെറ ശ്രദ്ധയിൽപ്പെടുത്തിയ പ്രശ്നങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി. ശശികുമാർ<br>ശ്രീ. പി. കൃഷ്ണപ്രസാദ്<br>ശ്രീ. കെ.വി. കുഞ്ഞിരാമൻ<br>ശ്രീ. പി. വിശ്വൻ<br>ശ്രീ. എ. പ്രദീപ്കുമാർ | ശ്രീ. വി.എസ്. അച്യുതാനന്ദൻ<br>( മുഖ്യമന്ത്രി) |
| (എ) കേരളത്തിൻെറ അടിയന്തിര പ്രശ്നങ്ങൾ കേന്ദ്ര സർക്കാരിൻെറ ശ്രദ്ധയിൽപ്പെടുത്തുന്നതിനായി മുഖ്യമന്ത്രിയും, മന്ത്രിമാരും കേരളത്തിൻെറ എം.പി. മാരും ഈ മാസം പ്രധാനമന്ത്രിയേയും കേന്ദ്ര മന്ത്രിമാരേയും സന്ദർശിക്കുകയുണ്ടായോ ; | (എ) കേരളത്തിൻെറ അടിയന്തിര പ്രശ്നങ്ങൾ കേന്ദ്ര സർക്കാരിൻെറ ശ്രദ്ധയിൽപ്പെടുത്തുന്നതിനായി മുഖ്യമന്ത്രിയുടെ നേതൃത്തിൽ മന്ത്രിമാരും കേരളത്തിൻെറ എം.പി. മാരും 2008 ഫെബ്രുവരി മാസം 6-ാം തീയതി പ്രധാനമന്ത്രിയെയും കേന്ദ്ര മന്ത്രിമാരേയും സന്ദർശിക്കുകയുണ്ടായി. |
| (ബി) ഏതെല്ലാം പ്രശ്നങ്ങളാണ് പ്രസ്തുത സന്ദർശനത്തിൽ ഉന്നയിച്ചത് ; | (ബി) വെട്ടിക്കുറച്ച എ.പി.എൽ. അരി വിഹിതം അടിയന്തിരമായി പുന:സ്ഥാപിക്കുന്നത് സംബന്ധിച്ചും കേരളത്തിലെ റെയിൽവേയുമായി ബന്ധപ്പെട്ട ആവശ്യങ്ങളെ സംബന്ധിച്ചും കേന്ദ്ര പൂളിൽ നിന്നും അൺ അലോക്കേറ്റഡ് ഷെയർ വെട്ടിക്കുറച്ചത് പുന:സ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ടും FACT ക്ക് 200 കോടി രൂപയുടെ പ്രത്യേക സഹായം പ്രഖ്യാപിച്ചത് ഉടൻ അനുവദിക്കണം എന്ന് ആവശ്യമുന്നയിച്ചും പ്രധാനമന്ത്രിക്കും ബന്ധപ്പെട്ട കേന്ദ്ര മന്ത്രിമാർക്കും നിവേദനം നൽകി. |

| | |
|---|---|
| (സി) ഇക്കാര്യങ്ങളിൽ എന്തെങ്കിലും അനുകൂല നടപടി ഉണ്ടായിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ; | (സി) വർദ്ധിച്ചു വരുന്ന അരിവില വർദ്ധനയും കേരളത്തിലെ ഉത്സവ കാലങ്ങളും പരിഗണിച്ച് എ.പി.എൽ. നിരക്കിൽ 10,000 ടൺ അരി ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ അധികമായി നൽകാൻ കേന്ദ്ര ഗവൺമെൻറ് തീരുമാനിച്ചിട്ടുണ്ട്. റെയിൽവേയെ സംബന്ധിച്ച് ഉന്നയിച്ച കാര്യങ്ങളിൽ അനുകൂലമായ തീരുമാനങ്ങളൊന്നും പ്രഖ്യാപിച്ചിട്ടില്ല. വരുന്ന റെയിൽവേ ബജറ്റിൽ ഇക്കാര്യങ്ങൾ ഉൾപ്പെടുത്തുമെന്ന് കരുതുന്നു. |
| (ഡി) വെട്ടിക്കുറച്ച അരിവിഹിതം പൂർണ്ണമായും പുന:സ്ഥാപിക്കുന്ന കാര്യത്തിൽ കേന്ദ്രത്തിന്റെ നിലപാട് വ്യക്തമാക്കുമോ ? | (ഡി) സംസ്ഥാനങ്ങളുടെ വെട്ടിക്കുറച്ച അരിവിഹിതം പൂർണ്ണമായി പുന:സ്ഥാപിക്കുന്ന നയമല്ല കേന്ദ്രം സ്വീകരിച്ചിരിക്കുന്നത് . |

സെക്ഷൻ ഓഫീസർ

**പന്ത്രണ്ടാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ - 26 25-2-2008 ൽ മറുപടിക്ക്

**പ്രവാസികൾക്കായുള്ള പെൻഷൻ പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ | ശ്രീ. വി.എസ് അച്യുതാനന്ദൻ (മുഖ്യമന്ത്രി) |
| **(എ).** പ്രവാസികൾക്ക് പെൻഷൻ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;<br><br>**(ബി).** ഈ ലക്ഷ്യത്തോടുകൂടി എന്തെല്ലാം നടപടികളെടുത്തു എന്നറിയിക്കുമോ;<br><br>**(സി).** പെൻഷൻ പദ്ധതിയുടെ കീഴിൽ എത്ര പ്രവാസികളെ കൊണ്ടുവരണമെന്നതിന്റെ കണക്കെടുപ്പു നടത്തിയിട്ടുണ്ടോ ? | **(എ) (ബി) ആന്റ് (സി)** പ്രവാസികൾക്ക് ക്ഷേമനിധി രൂപീകരിക്കുന്നതു സംബന്ധിച്ച കരട് ബിൽ സർക്കാരിന്റെ പരിശോധനയിലാണ്. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 27 — 25/02/2008 -ൽ മറുപടിക്ക്

## കേന്ദ്ര സർക്കാർ ഭക്ഷ്യ ധാന്യ വിഹിതം വെട്ടിക്കുറച്ച നടപടി

**ചോദ്യം**

ശ്രീ. കോവൂർ കുഞ്ഞുമോൻ :
ശ്രീ. എ.എ. അസീസ് :

**ഉത്തരം**

ശ്രീ. സി. ദിവാകരൻ
(ഭക്ഷ്യവും, സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി)

(എ) സംസ്ഥാനത്തിന് കേന്ദ്രത്തിൽ നിന്നും ലഭിച്ചുവന്നിരുന്ന ഭക്ഷ്യധാന്യ വിഹിതത്തിൽ ഏതെല്ലാം ഇനങ്ങളാണ് വെട്ടിക്കുറച്ചത് ; എത്ര ശതമാനമാണ് വെട്ടിക്കുറച്ചത് ;

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വെട്ടിക്കുറച്ച റേഷൻ സാധനങ്ങളുടെ വിവരം താഴെ ചേർക്കുന്നു.

| | | | | |
|---|---|---|---|---|
| എ.പി.എൽ അരി | 05/2006 മുതൽ 03/2007 വരെ 113420 | 04/07 മുതൽ 21334 | കുറവ് 92086 മെ.ടൺ | ശതമാനം 81% |
| എ.പി.എൽ ഗോതമ്പ് | 05/2006 37325 | 06/2006 മുതൽ 11777 | 25548 മെ.ടൺ | 68% |
| ബി.പി.എൽ അരി | 05/2006 മുതൽ 09/2006 വരെ 26593 | 10/06 മുതൽ 26566 | 27 മെ.ടൺ | 0.10% |
| ബി.പി.എൽ ഗോതമ്പ് | 05/2006 & 06/2006 8865 | 07/2006 മുതൽ 6963 | 1902 മെ.ടൺ | 21% |

(ബി) വെട്ടിക്കുറച്ച ഭക്ഷ്യധാന്യ വിഹിതം പുനഃസ്ഥാപിക്കാൻ ഇതിനകം എന്ത് നടപടി സ്വീകരിച്ചു ; ഇക്കാര്യത്തിൽ പ്രതിപക്ഷത്തിന്റെ സഹായ സഹകരണം ലഭിച്ചിട്ടുണ്ടോ ?

(ബി) വെട്ടിക്കുറച്ച റേഷൻസാധനങ്ങൾ പുനഃസ്ഥാപിക്കുന്നതിനായി ബഹു. മുഖ്യമന്ത്രിയുടെയും ഭക്ഷ്യ മന്ത്രിയുടെയും നേതൃത്വത്തിൽ പ്രധാനമന്ത്രിക്കും കേന്ദ്ര ഭക്ഷ്യ വകുപ്പു മന്ത്രിക്കും നേരിട്ട് നിവേദനം നൽകി. കൂടാതെ നിരവധി നിവേദനങ്ങൾ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

**പന്ത്രണ്ടാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ - **28** 25-2-2008 ൽ മറുപടിക്ക്

**ഗൾഫ് മലയാളികളുടെ പ്രശ്നങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.ടി.എ. റഹീം<br>ശ്രീ. മഞ്ഞളാംകുഴി അലി<br>ശ്രീ. കെ.വി. അബ്ദുൾ ഖാദർ<br>ശ്രീ. അൽഫോൺസ് കണ്ണന്താനം<br>ശ്രീ. കെ.വി. കുഞ്ഞിരാമൻ | ശ്രീ. വി.എസ് അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| (എ). ഗൾഫ് മലയാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ് ; | (എ) തൊഴിൽ നഷ്ടപ്പെട്ട് വിദേശത്ത് അലയുന്നവരെ കണ്ടുപിടിച്ച് നാട്ടിലെത്തിക്കുന്നതിനും, കള്ളക്കേസുകളിൽ കുടുങ്ങിയും അല്ലാതെയും ജയിലിലായവരെയും, സ്പോൺസർ മാരുടെയും ഏജന്റുമാരുടെയും അനധികൃത തടങ്കലിൽ കഴിയുന്നവരെ യും മോചിപ്പിക്കുന്നതിനും, അപകടത്തിൽപ്പെട്ടവർക്ക് ആശ്വാസമെത്തിക്കുന്നതിനും, തൊഴിൽ തർക്കങ്ങൾ ന്യായമായി പരിഹരിക്കുന്നതിനും തൊഴിലുടമയിൽ നിന്നും ലഭിക്കുവാനുള്ള ആനുകൂല്യങ്ങൾ നേടിയെടുക്കുന്നതിനും.<br>വിദേശത്ത് മരണമടയുന്നവരുടെ മൃതദേഹം കാലവിളംബം കൂടാതെ നാട്ടിലെത്തിക്കുന്നതിനും, പരേതർക്ക് ലഭിക്കേണ്ടിയിരുന്ന ആനുകൂല്യങ്ങൾ അവരുടെ ബന്ധുക്കൾക്ക് കാലതാമസം കൂടാതെ ലഭ്യമാക്കുന്നതിനും ഗൾഫ് രാജ്യങ്ങളിലെ ഇന്ത്യൻ എംബസികളുമായും, കോൺസുലേറ്റുകളുമായും ബന്ധപ്പെട്ട് സമയോചിതമായി നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. സ്പോൺസർമാർ കയ്യൊഴിയുന്നവരെയും, അപകടങ്ങളിൽപ്പെടുന്ന പ്രവാസി കേരളീയരെയും നാട്ടിലെത്തിക്കുന്നതിനും, വിദേശത്ത് മരണമടയുന്ന താഴ്ന്ന വരുമാനക്കാരായ കേരളീയരുടെ ഭൗതിക ശരീരം നാട്ടിലെത്തിക്കുന്നതിനുമായി സർക്കാർ 'എമർജൻസി റിപാർട്രിയേഷൻ ഫണ്ടിൽ നിന്നും ധനസഹായം |

നൽകുന്നുണ്ട്. സാന്ത്വന പദ്ധതിയിൻകീഴിൽ പ്രവാസി കേരളീയരുടെ ചികിത്സയ്ക്കോ മരണാനന്തര ചടങ്ങുകൾ നടത്തുന്നതിനോ മരണമടഞ്ഞ പ്രവാസിയുടെ അടുത്ത കുടുംബാംഗങ്ങളുടെ ചികിത്സയ്ക്കോ അവരുടെ പെൺമക്കളുടെ വിവാഹാവശ്യത്തിനോ ഒറ്റത്തവണയായി ധനസഹായം നൽകുന്നുണ്ട്. വിദേശങ്ങളിൽ ശിക്ഷിക്കപ്പെട്ടു കഴിയുന്ന കേരളീയരുടെ പരാതികളും, വീട്ടുജോലിക്കായി വിദേശങ്ങളിൽ പോകുന്ന സ്ത്രീകൾ പീഡിപ്പിക്കപ്പെടുന്നതായുള്ള പരാതികളും ബന്ധപ്പെട്ട എംബസികളുടെ ശ്രദ്ധയിൽ കൊണ്ടുവരികയും അവരെ മോചിപ്പിച്ച് നാട്ടിലെത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. പ്രവാസികൾക്ക് അടിയന്തിര സഹായം ആവശ്യമായി വന്ന ലബനൻ, മുംബൈ സ്ഫോടനം, യു.എ.ഇ.യിലെ പൊതുമാപ്പ്, ഒമാനിലെ പ്രകൃതിക്ഷോഭം തുടങ്ങിയ അവസരങ്ങളിൽ ദുരിതമനുഭവിക്കുന്നവർക്ക് വേണ്ടുന്ന സഹായം എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയുണ്ടായി. കുവൈറ്റ് യുദ്ധകാലത്ത് നാട്ടിലേയ്ക്ക് പലായനം ചെയ്യേണ്ടിവന്ന നിരവധി കേരളീയർക്ക് അർഹമായ കുവൈറ്റ് നഷ്ടപരിഹാരം ലഭ്യമാക്കുന്നതിനുവേണ്ട നടപടികളും സ്വീകരിച്ചിട്ടുണ്ട്. വിദേശത്തുനിന്നും നാട്ടിൽതിരിച്ചെത്തിയ പ്രവാസികൾക്കായി ചെറുകിട തൊഴിൽ സംരംഭ പദ്ധതികൾ നോർക്ക റൂട്ട്സിന്റെ മേൽനോട്ടത്തിൽ നടത്തുന്നുണ്ട്. വിദേശത്ത് തൊഴിൽതേടിപ്പോകുന്നവർക്കായി നോർക്ക റൂട്ട്സിന്റെ ആഭിമുഖ്യത്തിൽ പരിശീലന പരിപാടികൾ ആരംഭിച്ചിട്ടുണ്ട് (പ്രീ ഓറിയന്റേഷൻ ട്രെയിനിംഗ് പ്രോഗ്രാം). വിദേശത്ത് തൊഴിൽ തേടുന്നവരെ സഹായിക്കുന്നതിനായി ഒരു റിക്രൂട്ട്മെന്റ് ഏജന്റായി പ്രവർത്തിക്കുന്നതിനുള്ള ലൈസൻസ് കേന്ദ്ര ഗവൺമെന്റ് നോർക്ക റൂട്ട്സിന് നൽകിയിട്ടുണ്ട്. വിദേശങ്ങളിൽ ജോലിതേടിപ്പോകുന്ന കേരളീയർ റിക്രൂട്ട്മെന്റ് ഏജന്റുമാരാൽ വഞ്ചിതരാകാതിരിക്കുന്നതിനും തൊഴിൽ സുരക്ഷ ഉറപ്പുവരുത്തുന്നതിനും ഇതു സഹായകമാവും. പ്രവാസികൾക്കായി ഒരു ക്ഷേമനിധി നടപ്പാക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച കരടുബിൽ പരിശോധനയിലാണ്. പ്രവാസികേരളീയർക്കായി തിരിച്ചറിയൽ കാർഡ് വിതരണംചെയ്യുന്നതിനും സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

ഗൾഫ് മലയാളികളുടെ നാട്ടിലുള്ള സ്വത്തിനും അവരുടെ ബന്ധുജനങ്ങളുടെ സംരക്ഷണത്തിനും സർക്കാർ മുന്തിയ പരിഗണന നൽകുന്നുണ്ട്. പ്രവാസി കേരളീയരുടെ നാട്ടിലുള്ള പ്രശ്നങ്ങൾ ബന്ധപ്പെട്ട ജില്ലാ കളക്ടർ, പോലീസ് സൂപ്രണ്ട്, മറ്റു ബന്ധപ്പെട്ട

ഉദ്യോഗസ്ഥര്‍ എന്നിവര്‍ക്ക് കൈമാറുകയും പ്രശ്നപരിഹാരത്തിന് അടിയന്തര നടപടികള്‍ കൈക്കൊള്ളുകയും ചെയ്യുന്നുണ്ട്. ഇത്തരം പ്രശ്നങ്ങള്‍ കൈകാര്യം ചെയ്യുന്നതിന് തിരുവനന്തപുരത്ത് പോലീസ് ഡയറക്ടര്‍ ജനറലുടെ ആസ്ഥാനത്ത് പോലീസ് സൂപ്രണ്ടിന്റെ നേതൃത്വത്തില്‍ ഒരു NRI Cell പ്രവര്‍ത്തിക്കുന്നുണ്ട്.

**(ബി).** പ്രവാസി മലയാളികളുടെ വിവരശേഖരണത്തിനുള്ള നടപടികള്‍ പൂര്‍ത്തിയായിട്ടുണ്ടോ;

**(ബി).** പൂര്‍ത്തിയായി വരുന്നു.

**(സി).** വ്യാജ റിക്രൂട്ടിംഗ് ഏജന്‍സികളുടെയും വിസ തട്ടിപ്പുകാരുടെയും പ്രവര്‍ത്തനം തടയുന്നതിന് ഫലപ്രദമായ നടപടി സ്വീകരിക്കുമോ ?

**(സി).** റിക്രൂട്ടിങ്ങ് ഏജന്‍സികള്‍ മുഖേന വിദേശത്ത് തൊഴില്‍തേടുന്ന മലയാളികള്‍ കബളിപ്പിക്കപ്പെടാതിരിക്കാന്‍ പോലീസ് ആസ്ഥാനത്ത് പ്രവര്‍ത്തിക്കുന്ന NRI Cell നടപടികള്‍ സ്വീകരിച്ചുവരുന്നു. ഓരോ പോലീസ് സ്റ്റേഷനിലും ട്രാവല്‍ ഏജന്റുമാരുടെയും റിക്രൂട്ടിങ്ങ് ഏജന്റുമാരുടെയും വിശദവിവരങ്ങള്‍ രജിസ്റ്റര്‍ ചെയ്ത് അവരുടെ പ്രവര്‍ത്തനങ്ങള്‍ നിരീക്ഷിച്ച് അനധികൃതമായി പ്രവര്‍ത്തിക്കുന്നവരുടെ പേരില്‍ നടപടികള്‍ സ്വീകരിക്കുന്നുണ്ട്. കൂടാതെ വ്യാജ റിക്രൂട്ട്മെന്റ് സംബന്ധിച്ച കേസുകള്‍ എമിഗ്രേഷന്‍ ആക്ട് പ്രകാരം പരിശോധിച്ച് നടപടികള്‍ സ്വീകരിക്കണമെന്ന് എല്ലാ പോലീസ് സൂപ്രണ്ടുമാര്‍ക്കും നിര്‍ദ്ദേശം നല്‍കിയിട്ടുണ്ട്. വിദേശനാടുകളില്‍ ജോലിതേടിപ്പോകുന്നവര്‍ ചൂഷണത്തിനു വിധേയരാവാതിരിക്കാനും കബളിപ്പിക്കപ്പെടാതിരിക്കാനുമായി നോര്‍ക്ക റൂട്ട്സിന്റെ ആഭിമുഖ്യത്തില്‍ പ്രീഡിപ്പാര്‍ച്ചര്‍ ഓറിയന്റേഷന്‍ പ്രോഗ്രാം എന്ന പരിശീലന പരിപാടി ആരംഭിച്ചിട്ടുണ്ട്. വിദേശങ്ങളില്‍ ജോലിതേടിപ്പോകുന്ന കേരളീയര്‍ റിക്രൂട്ട്മെന്റ് ഏജന്റുമാരാല്‍ വഞ്ചിതരാകാതിരിക്കുന്നതിന് കേന്ദ്ര പ്രവാസികാര്യ മന്ത്രാലയം ഒരു റിക്രൂട്ട്മെന്റ് ഏജന്റായി പ്രവര്‍ത്തിക്കുന്നതിന് നോര്‍ക്ക റൂട്ട്സിനു നല്‍കിയ ലൈസന്‍സ് സഹായകമാവുന്നതാണ്.

**(ഡി).** വിദേശ മലയാളികളുടെ സമ്പാദ്യം സംസ്ഥാനത്ത് ഫലപ്രദമായി വിനിയോഗിക്കുന്നതിന് പദ്ധതികള്‍ ആവിഷ്ക്കരിക്കുമോ ?

**(ഡി).** സംസ്ഥാനത്ത് നിക്ഷേപം നടത്തുവാന്‍ ആഗ്രഹിക്കുന്ന പ്രവാസി കേരളീയര്‍ക്ക് അവരുടെ പദ്ധതിയുടെ പ്രോജക്ട് റിപ്പോര്‍ട്ട് തയ്യാറാക്കുന്നതിനായി N R K Project Initiative Fund എന്ന ഒരു റിവോള്‍വിംഗ് ഫണ്ടില്‍ പരമാവധി അഞ്ചുലക്ഷം രൂപവരെ സാമ്പത്തികസഹായം നല്‍കുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. N R K Project initiative Fundല്‍ നിന്നും സഹായം ലഭിക്കുന്നതിനുള്ള മാര്‍ഗ്ഗ നിര്‍ദ്ദേശങ്ങള്‍ 27-2-07ലെ സര്‍ക്കാര്‍ ഉത്തരവ് (കൈയ്യെഴുത്ത്) 3/ 2002/

Norka പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രവാസി കേരളീയരുടെ സഹകരണത്തോടെ അവരുടെ നിക്ഷേപം ഉൾപ്പെടുത്തി പ്രവാസികൾക്കായി കെട്ടിടസമുച്ചയങ്ങൾ, വ്യാപാര വ്യവസായ സ്ഥാപനങ്ങൾ തുടങ്ങിയ തൊഴിൽ സംരംഭകത്വ പദ്ധതികൾ ലക്ഷ്യമാക്കി നോർക്ക വകുപ്പിന്റെ ഫീൽഡ് ഏജൻസിയായ നോർക്ക റൂട്ട്സിനു കീഴിൽ ഒരു സബ്സിഡിയറി കമ്പനി ആരംഭിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 29, 25-2--2008-ൽ മറുപടി നല്ലേണ്ടത്

**തലസ്ഥാനത്ത് ഹൈക്കോടതി ബെഞ്ച്**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.ജോസഫ് എം.പുതുശ്ശേരി<br>" തോമസ് ചാഴിക്കാടൻ<br>" റോഷി അഗസ്റ്റിൻ | ശ്രീ.എം.വിജയകുമാർ,<br>(നിയമവും പാർലമെൻററികാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി) |
| (എ) തലസ്ഥാനത്ത് ഹൈക്കോടതി ബെഞ്ച് സ്ഥാപിക്കുവാൻ എന്തൊക്കെ ചെയ്യുവെന്ന് വ്യക്തമാക്കുമോ; | തലസ്ഥാനത്ത് ഹൈക്കോടതി ബെഞ്ച് സ്ഥാപിക്കേണ്ട ആവശ്യമില്ലെന്ന ഹൈക്കോടതിയുടെ നിലപാട് പുനഃപരിശോധിക്കുന്നതിന് ബഹു.ഹൈക്കോടതി ചീഫ് ജസ്റ്റിസിനോട് 29/01/2008-ലെ കത്ത് മുഖേന ബഹു.മുഖ്യമന്ത്രി ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ, ഹൈക്കോടതി ബെഞ്ച് തിരുവനന്തപുരത്ത് സ്ഥാപിക്കുന്നതിന് അനുമതി നൽകണമെന്ന് കേന്ദ്ര നിയമ മന്ത്രാലയത്തോട് 4/02/2008-ലെ കത്തു മുഖേന ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ബി) ഇക്കാര്യത്തിൽ നിയമപരമായ എന്തെങ്കിലും തടസ്സങ്ങളുണ്ടോ; എങ്കിൽ എന്തൊക്കെ എന്ന് വ്യക്തമാക്കുമോ; | ഇന്ത്യൻ പ്രസിഡന്റ്, സംസ്ഥാന ഗവർണ്ണറും ഹൈക്കോടതി ചീഫ് ജസ്റ്റിസുമായി ആലോചിച്ചാണ് ബെഞ്ച് സ്ഥാപിക്കേണ്ടത്. |
| (സി) ഹൈക്കോടതി ബെഞ്ച് എന്ന് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | ഇന്ത്യൻ പ്രസിഡന്റിന്റെ വിജ്ഞാപനം വരുന്ന മുറയ്ക്ക് സ്ഥാപിക്കാൻ കഴിയും |

ഉത്തരവിൻ പ്രകാരം

(ഒപ്പ്)

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരളനിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നംപർ : 30 — 25.2.2008 ൽ മറുപടിക്ക്

പാലിൻെറ ഉൽപാദന ചെലവ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം.എ. വാഹിദ്.<br>ശ്രീ. വി.ഡി. സതീശൻ. | ശ്രീ.സി.ദിവാകരൻ<br>(ഭക്ഷ്യവും സിവിൽ സപ്ളൈസും മൃഗ സംരക്ഷണവും വകുപ്പ് മന്ത്രി). |
| (എ) ഈ സർക്കാർ നിലവിൽ വന്ന ശേഷം പാലിൻെറ ഉല്പാദനം വർദ്ധിപ്പിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; | (എ) ഉല്പാദനം വർദ്ധിപ്പിച്ചു , പാലിൻെറ കാര്യത്തിൽ സ്വയം പര്യാപ്തത നേടുകയെന്ന ലക്ഷ്യത്തോടെ പശുഗ്രാമം , മിൽക്ക് ഷെഡ് വികസനം, വ്യാപകമായ രീതിയിൽ തീറ്റപ്പുൽ കൃഷി, ഗുണമേന്മയുള്ള കാലിത്തീറ്റ മിതമായ വിലയ്ക്കു ലഭ്യമാക്കുക, ഊർജ്ജിത കന്നുകാലി വികസനവും കന്നുകുട്ടി പരിപാലനവും, ശാസ്ത്രീയമായ കന്നുകാലി പ്രജനന നയം, പ്രീമിയം വിത്തുകാള , ഗോരേഖ, ക്ഷീരധാര, ഗുണമേന്മ കൂടിയ വിത്തുകാളകളുടെ ഇറക്കുമതി വിദർഭ പാക്കേജ് തുടങ്ങിയ നിരവധി പദ്ധതികൾ ക്ഷീരവികസന വകുപ്പും മൃഗ സംരക്ഷണ വകുപ്പും കെ.എൽ.ഡി.ബോർഡും സംയുക്തമായി ആവിഷ്ക്കരിച്ചു നടപ്പിലാക്കിവരുന്നു. കൂടാതെ കാലിത്തീറ്റ സബ്സിഡി നല്കുവാനും നടപടി സ്വീകരിച്ചു വരുന്നു. |

| | |
|---|---|
| (ബി) ഇക്കാലത്ത് പാലിൻെറ ഉൽപ്പാദനച്ചെലവ് ലിറ്ററൊന്നിന് എത്ര കണ്ടു വർദ്ധിച്ചു; | (ബി) പാലിൻെറ ഉല്പാദനച്ചെലവ് കൃത്യമായി കണക്കാക്കപ്പെട്ടിട്ടില്ല. |
| (സി) പാലിൻെറ ഉല്പാദനച്ചെലവ് കുറയ്ക്കുന്നതിനുള്ള എന്തെല്ലാം നടപടികൾ ഇക്കാലയളവിൽ സ്വീകരിച്ചു എന്ന് വിശദമാക്കുമോ? | (സി) കാലിത്തീറ്റയുള്ള അസംസ്കൃത വസ്തുക്കളുടെ വിലയിൽ ഗണ്യമായ വർദ്ധനവ് വർഷാവർഷം ഉണ്ടാകുന്നതു കാരണം ഉല്പാദനചെലവ് കുറഞ്ഞിട്ടില്ല. എങ്കിലും പാലിൻെറ ഉല്പാദന ചെലവ് കുറയ്ക്കുവാനായി തീറ്റപ്പുൽ കൃഷി, അസോള കൃഷി തുടങ്ങിയ പദ്ധതികൾ ഇക്കാലയളവിൽ നടപ്പിലാക്കി വരുന്നു. കൂടാതെ കാലിത്തീറ്റയ്ക്ക് സബ്സിഡി നൽകുവാനും നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ